നം.കെ.എസ്.എ.പി10/624/2019 തീയ്യതി: 24.07.2019

**പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 13.07.2018 മുതൽ 11.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥയുടെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി.കെ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.07.2019 മുതൽ 23.07.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ മഹേഷ് കുമാർ കെ.ആർ., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ ശ്രീകുമാർ എസ്., ഓഡിറ്റർ<br>ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എം. മനോജ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ജ്യോതിശ്രീ എം.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ സജീവ് റാവുത്തർ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ പി.വി. ജയകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് | ശ്രീമതി പ്രസന്ന | 01.04.2018 മുതൽ |

| | | |
|---|---|---|
| കമ്മിറ്റി | പി.പി. | 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി അജിത കെ.<br>അസി.സെക്രട്ടറി - ചാർജ്ജ് | 01.04.2018 മുതൽ 22.04.2018 വരെ |
| | ശ്രീ മൈക്കൽ സി. | 23.04.2018 മുതൽ 29.06.2018 വരെ |
| | ശ്രീ സജീഷ് ടി.എസ്. | 30.06.2018 മുതൽ 31.03.2019 വരെ |

<u>**റിപ്പോർട്ടിന്റെ ഉള്ളടക്കം**</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം:</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

<u>**ഉള്ളടക്കം**</u>


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം 1: ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സുതാര്യതയില്ല | 1-12 |
| 13 | ആസൂത്രണ സമിതി നിർജ്ജീവം | 1-13 |
| 14 | വാർഷിക കണക്കിലെ അപാകതകൾ | 1-14 |
| | **ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 15 | വസ്തുനികുതി – ഡി.സി.ബിയും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല | 2-1 |
| 16 | ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-2 |
| 17 | വസ്തുനികുതി നിർണ്ണയിക്കാതെ മൊബൈൽ ടവർ പ്രവർത്തിക്കുന്നു | 2-3 |
| 18 | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 2-4 |
| 19 | വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത | 2-5 |
| 20 | വാടകയ്ക്ക് ജി.എസ്.ടി ഈടാക്കുന്നില്ല | 2-6 |
| 21 | കടമുറി വാടക പിരിക്കുന്നതിൽ വീഴ്ച | 2-7 |
| 22 | ടെണ്ടർ ഫീസ് 2.8 ലക്ഷം രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചില്ല | 2-8 |
| 23 | കാലാവധി എത്തിയ സ്ഥിരനിക്ഷേപങ്ങൾ പുതുക്കിയില്ല | 2-9 |
| | **ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 24 | പ്രൊജക്ടുകളുടെ ബാഹുല്യം-മരാമത്ത് പ്രവൃത്തികളിൽ കോടികളുടെ സർക്കാർ ഗ്രാന്റ് ലാപ്സാക്കി. | 3-1 |
| 25 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-2 |
| 26 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയില്ല. | 3-3 |
| 27 | മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയുൾക്കൊള്ളുന്ന എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തിയതിനു ഫൈൻ ഈടാക്കിയില്ല. | 3-4 |
| 28 | വൈദ്യുതി കണക്ഷൻ എടുത്തില്ല; പണിപൂർത്തിയാക്കിയ കുടിവെള്ള പദ്ധതികൾ മുടങ്ങികിടക്കുന്നു | 3-5 |
| 29 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗിന് വകമാറ്റി | 3-6 |
| 30 | കുടിവെള്ള പദ്ധതികൾ നിർജ്ജീവ അവസ്ഥയിൽ | 3-7 |
| 31 | സ്ഥലം കണ്ടെത്താതെ ശ്മശാനം നിർമ്മിക്കുന്നതിന് കരാർ നൽകി; വകയിരുത്തിയ 14 ലക്ഷം രൂപ ലാപ്സായി | 3-8 |
| 32 | വൻ വില വ്യത്യാസത്തിൽ വാങ്ങൽ നടത്തി - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-9 |
| 33 | ഫാനും, കസേരയും വാങ്ങൽ - സാധനം പൂർണ്ണമായി ലഭ്യമാക്കി | 3-10 |

| | | |
|---|---|---|
| | സ്റ്റോക്കിൽ ചേർക്കാതെ തുക നൽകി | |
| 34 | എൽ.ഇ.ഡി. തെരുവ് വിളക്കിന് ഇൻസ്റ്റലേഷൻ ചാർജ്ജ് നൽകിയത് ക്രമപ്രകാരമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 |
| 35 | ആയുർവേദാശുപത്രിയ്ക്ക് സോളാർ പാനലിംഗ് - പദ്ധതി നിർവ്വഹണത്തിൽ അപാകം | 3-12 |
| 36 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് (പ്രോജക്ട് നം.2/19) – സുതാര്യമല്ലാത്ത ചെലവുകൾ | 3-13 |
| 37 | അനുവദനീയമായതിൽ അധികം വക്കീൽ ഫീസ് നൽകി | 3-14 |
| 38 | തേൻ സംസ്കരണ യൂണിറ്റ് നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയില്ല | 3-15 |
| 39 | വെറ്റില കൃഷി വികസനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-16 |
| 40 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-17 |
| 41 | യോഗ പരിശീലനം-പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല | 3-18 |
| 42 | അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളില്ല – ലഭ്യമായ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 3-19 |
| 43 | അങ്കണവാടികൾക്ക് എൽ.പി.ജി. സിലിണ്ടർ - സബ്സിഡിതുക നഷ്ടപ്പെടുത്തുന്നു | 3-20 |
| 44 | കായിക വികസന പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-21 |
| 45 | സ്കൂളുകളിലെ കേടായ ഐ.റ്റി. ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കി സംരക്ഷിക്കുന്നതിന് നടപടിയില്ല | 3-22 |
| 46 | പാൽ ഉല്പാദനത്തിന് ഇൻസെന്റീവ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തം | 3-23 |
| 47 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയിൽ ഒന്നാം ഗഡു വാങ്ങിയവർ നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-24 |
| 48 | റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ട് ഭാഗീകമായി നടപ്പിലാക്കി ഫണ്ട് ലാപ്സാക്കി | 3-25 |
| 49 | വാർഷിക പദ്ധതിയിൽ വനിതാ ഘടക പദ്ധതിയ്ക്ക് നിശ്ചിത ശതമാനം തുക വകയിരുത്തിയില്ല | 3-26 |
| 50 | മുട്ടക്കോഴി വിതരണം - മോണിട്ടറിംഗ് ഇല്ല | 3-27 |
| 51 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ | 3-28 |
| 52 | അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച | 3-29 |
| 53 | മുൻക്കുറുകൾ ക്രമീകരിക്കേണ്ടതാണ് | 3-30 |
| 54 | IKM സബ്സ്ക്രിപ്ഷൻ - മാനദണ്ഡം പാലിക്കാതെ തുക ഒടുക്കി | 3-31 |
| 55 | ഗാർഹിക ബയോഗ്യാസ് പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി | 3-32 |
| 56 | വിവിധ പദ്ധതികൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചില്ല | 3-33 |
| | **ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 57 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 58 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 59 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 60 | വായ്പ /വായ്പാ തിരിച്ചടവ് | 4-4 |
| 61 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 62 | ഓഡിറ്റ് റിക്കവറി | 4-6 |
| 63 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 64 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 65 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 66 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 14.03.18-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.02.2019-ൽ പാസ്സാക്കിയിട്ടുണ്ട്.

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും, പ്രതീക്ഷിത ചെലവിനങ്ങളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന വരവ് ചെലവ് തുകകളും, യഥാർത്ഥത്തിലുള്ള വരവ് ചെലവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 28832467 | 13723763 | (-)15108704 |
| വരവ് | 308320745 | 118555264 | (-)296465481 |
| ആകെ | 337153212 | 132279027 | (-)204874185 |
| ചെലവ് | 314145554 | 10618701 | (-)303526853 |
| നീക്കിയിരിപ്പ് | 23007658 | 26092016 | (+)3084358 |

ബഡ്ജറ്റിലെ പെരുപ്പിച്ച വരവ് ചെലവ് തുകകൾ ഉചിതമല്ലാത്ത ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 17.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പരും, തീയതിയും |
|---|---|---|
| 2018-19 | 10–6-2019 മുതൽ 2-06-2019വരെ | കെ.എസ്.എ.പി.റ്റി.എം.പി1/602(51)/19 തീയതി 09/07/2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 09/07/2019-ലെ കെ.എസ്.എ.പി.റ്റി.എ.പി1/602(50)/2019 നമ്പരായി വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 13723763 |

| | |
|---|---|
| വരവ് | 118555264 |
| ആകെ | 132279027 |
| ചെലവ് | 106187011 |
| നീക്കിബാക്കി | 26092016 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ലാപ്സായ തുക/ നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25273000 | 25273000 | 19274713 | 5998287 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 11730000 | 11730000 | 11720642 | 9358 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13112000 | 13112000 | 10702501 | 2409499 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 198000 | 198000 | 53100 | 144900 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 19700000 | 19700000 | 19387314 | 312686 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5139000 | 5139000 | 4839221 | 299779 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 915788 | 24656314 | 25572102 | 21331317 | 4240785 |
| എസ്.ബി.ഐ. (സാക്ഷരത) | 4284 | 152 | 4436 | 0 | 4436 |
| എസ്.ബി.ഐ. (ദുരിതാശ്വാസ നിധി) | 244979 | 29121 | 274100 | 262837 | 11263 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 532636 | 897225 | 1429861 | 1407706 | 22155 |
| ട്രഷറി എസ്.ബി. (ജോയിന്റ് വെഞ്ച്വർ) | 25600 | 8408051 | 8433651 | 7209967 | 1223684 |
| എസ്.ബി.ഐ. ഇ-പേയ്മെന്റ് | 39452 | 40544 | 79996 | 0 | 79996 |
| എസ്.ബി.ഐ. (ലൈഫ് പദ്ധതി) | 0 | 4955279 | 4955279 | 4940089 | 15190 |
| ഡി.സി.ബി. (എസ്.എസ്.എ.) | 1565 | 0 | 1565 | 0 | 1565 |
| ബി-ഫണ്ട് | | | 0 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 380 | 181146343 | 248 | 85387239 | 0 | 132 | 65 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ പ്രോജക്ടുകളിൽ 65% ശതമാനം പ്രോജക്ടുകൾ നടപ്പിലാക്കി. ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയിൽ 47.14% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവുകളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 5657446 | 4149632 | 73.35 |
| വെറ്ററിനറി സർജൻ | 7 | 7 | 4582500 | 1644646 | 35.89 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1500000 | 1397126 | 93.14 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയ്യുർവ്വേദം) | 4 | 4 | 939000 | 890540 | 94.84 |
| വി.ഇ.ഒ. (കലഞ്ഞൂർ സർക്കൾ) | 6 | 5 | 16866500 | 5938120 | 35.21 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 5276489 | 4334370 | 82.14 |
| സെക്രട്ടറി | 23 | 18 | 7954238 | 5323284 | 66.92 |
| ഹെഡ് മാസ്റ്റർ | 16 | 5 | 4841395 | 1315105 | 27.16 |
| വി.ഇ.ഒ. (നെടുമൺകാവ് സർക്കൾ) | 3 | 2 | 43400000 | 16020000 | 36.91 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 283 | 174 | 84274975 | 39556823 | 46.94 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1400000 | 1050000 | 75 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 4253800 | 3567593 | 83.87 |
| **ആകെ** | **380** | **248** | **181146343** | **85387239** | **47.14** |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 17% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5381705 | 5752830 | 371125 | 6.89 |
| നികുതിയേതര വരവുകൾ | 2598676 | 3522459 | 923783 | 35.55 |
| മറ്റ് വരവുകൾ | 58195 | 163630 | 105435 | 181.17 |
| ആകെ | 8038576 | 9438919 | 1400343 | 17.42 |

# 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 113400 | 268 |
| 2 | തൊഴിൽ രഹിത വേതനം | 113400 | 134 |
| 3 | വിധവാ പെൻഷൻ | 20140100 | 1673 |
| 4 | വികലാംഗ പെൻഷൻ | 5649100 | 452 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 637500 | 52 |
| 6 | വാർദ്ധക്യകാല പെൻഷൻ | 41226100 | 3368 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-07-2019ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 48515രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികളുമായി പഞ്ചായത്ത് മുന്നോട്ട് പോകുകയാണ്. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരി

ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ജീവനക്കാരിൽതന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ച് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും, പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടു നീങ്ങുന്നു.

വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സ്റ്റോക്ക് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, UA രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, സ്യൂട്ട് രജിസ്റ്റർ, ലേല രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

**പേഴ്സണൽ രജിസ്റ്റർ:** പേഴ്സണൽ രജിസ്റ്ററുകൾ എല്ലാ സെക്ഷനുകളിലും സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന സംഗതികളിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.

**സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ്:** 11.10.17 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സകർമ്മ നടത്തിപ്പ് സുഗമമാക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്സ് ക്ലോസ് ചെയ്ത് ബന്ധപ്പെട്ടവർക്ക് തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മിനിട്ട്സ് ക്ലോസ്സ് ചെയ്യപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ രണ്ട് യോഗങ്ങളുടെ മിനിട്ട്സ് സമയപരിധി കഴിഞ്ഞ് ക്ലോസ്സ് ചെയ്യാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

**പ്രോക്യൂർമെന്റ്:** പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുള്ളതായി കണ്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും, വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന കാര്യത്തിലും പ്രോക്യൂർമെന്റ് കമ്മിറ്റി യാതൊരു പങ്കും വഹിച്ചിട്ടുള്ളതായി കാണുന്നില്ല.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15-07-2019 | 1-05-2019 മുതൽ 30-06-2019 വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.15 | 2009-10 മുതൽ 2013-14 വരെ | 17.06.15 |

# 1-12 ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സുതാര്യതയില്ല

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യമായല്ല നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും, മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കുകയും ചെയ്യണം. കരട് ലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കണം. എന്നാൽ ഫീൽഡ് ലവൽ പരിശോധന, കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കൽ മുതലായ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. കൂടാതെ അംഗീകരിച്ച മുൻഗണനാലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിച്ചിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിൽ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ലെന്നും അങ്ങനെ ചെയ്യാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പാടില്ലെന്നും, അങ്ങനെ ചെയ്താൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥനായിരിക്കുമെന്നും വ്യക്തമാക്കിയിരുന്നു.

അധികാര വികേന്ദ്രീകരണം ജനപങ്കാളിത്തത്തോടുകൂടിയ വികസനത്തിൽ അധിഷ്ഠിതമായതിനാൽ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും, തെരഞ്ഞെടുക്കുന്നതിലും പൂർണ്ണതോതിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ജനങ്ങൾക്ക് അധികാരം നൽകുമ്പോൾ പൊതു സമ്മതം വഴി ഉണ്ടാക്കിയെടുക്കുന്ന വ്യക്തമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ളതും, ആക്ഷേപമില്ലാതെ സുതാര്യമായി നടപ്പാക്കുന്നതുമായ ഒരു സ്വയം തെരഞ്ഞെടുപ്പ് പ്രക്രിയ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ സുതാര്യമല്ലാത്ത ഗുണഭോക്തൃ തെരഞ്ഞെടുപ്പും ആനുകൂല്യ വിതരണവും വികേന്ദ്രീകൃതാസൂത്രണത്തിന്റെ അന്തസത്തക്ക് നിരക്കുന്നതല്ല. പഞ്ചായത്തിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജനപങ്കാളിത്തത്തോടും സുതാര്യമായും നടത്തുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

# 1-13 ആസൂത്രണ സമിതി നിർജ്ജീവം

13-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി ആസൂത്രണം നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് വേണ്ട സഹായം നൽകുന്നതിന് സ്ഥാപന തല ആസൂത്രണ സമിതികൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജന പങ്കാളിത്തം വർദ്ധിപ്പാക്കാൻ ഭരണ സമിതിയെ സഹായിക്കുക എന്ന ചുമതല കൂടി ആസൂത്രണ സമിതിയ്ക്കുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായും, പ്രസിഡന്റ് അദ്ധ്യക്ഷനായും, ആസൂത്രണ പ്രക്രിയയിൽ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ധൻ ഉപാദ്ധ്യക്ഷനായും, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, സന്നദ്ധ സേവകരായ വിദഗ്ധർ എന്നിവർ അംഗങ്ങളായി 12 പേരടങ്ങുന്ന സമിതി രൂപീകരിക്കുന്നതിനായിരുന്നു സർക്കാർ നിർദ്ദേശമുണ്ടായിരുന്നത്. സർക്കാർ നിർദ്ദേശാനുസരണം

പേരിനൊരു കമ്മിറ്റി രൂപീകരിച്ചതല്ലാതെ സമിതിയിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങളൊന്നുംതന്നെ നടന്നിട്ടില്ല. 08.02.18-ൽ 8 പേരടങ്ങുന്ന സമിതിയുടെ ആദ്യ യോഗം ചേർന്നു. തുടർന്ന് 21.02.18-ൽ യോഗം ചേർന്നതായി ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് ആസൂത്രണ സമിതി യോഗം ചേരുകയോ കർത്തവ്യ നിർവ്വഹണം നടത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. നിലവിൽ ആസൂത്രണ സമിതി നിർജ്ജീവമാണ്.

സ്ഥാപന തലത്തിലുള്ള ആസൂത്രണം വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രക്രിയയാണ്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിന് ഭരണ സമിതിയെയും, വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനും, പദ്ധതി ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ സുപ്രധാന ചുമതലകളാണ് ആസൂത്രണ സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ ഈ ചുമതല ആസൂത്രണ സമിതി കാര്യക്ഷമമായി നിർവ്വഹിച്ചിട്ടില്ല. ആസൂത്രണസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വാർഷിക കണക്കിലെ അപാകതകൾ

**ബി-3 ഷെഡ്യൂൾ:** ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻ വർഷത്തെ നീക്കിയിരിപ്പ് തുക തന്നെയാണ് ഈ വർഷവും നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക റവന്യൂ എക്സ്പെൻഡിച്ചറായി കണക്കാക്കുന്നതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

3. **വസ്തു നികുതി:** ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല
4. **ബി-9 ഷെഡ്യൂൾ:** GST ഇനത്തിൽ 18059 രൂപ അധികമായി liability കാണിച്ചിരിക്കുന്നു

4. വാടക രജിസ്റ്റർ പ്രകാരം 2018-2019 സാമ്പത്തിക വർഷം കട മുറി വാടകയിനത്തിൽ 73755 രൂപയും ജി.എസ്.ടി. ഇനത്തിൽ 78546 രൂപയും പിരിച്ചെടുക്കാനുള്ളതായി കണ്ടു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 15 പ്രകാരം കുടിശ്ശിക 5354 രൂപയാണ് കാണിച്ചിരിക്കുന്നത്.

# ഭാഗം -2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - ഡി.സി.ബിയും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരവും സഞ്ചയ പ്രകാരവുമുള്ള തൻവർഷ വസ്തുനികുതിയുടെയും കുടിശിക വസ്തുനികുതിയുടെയും ഡിമാന്റ്,കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ താഴെ ചേർക്കുംപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ | സാംഖ്യ | സഞ്ചയ | സാംഖ്യ | സഞ്ചയ | സാംഖ്യ |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വസ്തുനികുതി (തൻവർഷം) | 4040625 | 3848588 | 3050671<br>book adj-189233 | 2906560 | 800721 | 942028 |
| കുടിശിക | 1299652 | 620443 | 507779 | 395910 | 791873 | 870853 |

സാംഖ്യയിലേയും സഞ്ചയയിലേയും ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ തമ്മിൽ വലിയ വ്യത്യാസം ഉണ്ടായതിനുള്ള കാരണം പരിശോധിക്കുകയും അപാകതകൾ പരിഹരിച്ച് യഥാർത്ഥ കുടിശിക കണക്കാക്കി ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-2 ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 1556 കെട്ടിടങ്ങൾ നിലവിലുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 1556 കെട്ടിടങ്ങളിൽ 2018-19 സാമ്പത്തികവർഷത്തിൽ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 378 എണ്ണം മാത്രമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആകെയുള്ള വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന 1556 കെട്ടിടങ്ങളിൽ ഏകദേശം 24% സ്ഥാപനം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്താത്തതിനാൽ ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവയിൽ ഗണ്യമായ കുറവ് സംഭവിക്കാൻ സാഹചര്യം ഉണ്ടാകുന്നു. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിലും തനത് ഫണ്ട് സമാഹരിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തു നിന്നും ഇടപെടൽ ഉണ്ടാകേണ്ടതും പുരോഗതിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 2-3 വസ്തുനികുതി നിർണ്ണയിക്കാതെ മൊബൈൽ ടവർ പ്രവർത്തിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാർത്തവിനിമയഗോപുരങ്ങളോ, വാർത്തവിനിമയ തൂണുകളോ സ്ഥാപിക്കുവാൻ പാടില്ല. പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 16-ാം വാർഡ് കലഞ്ഞൂർ ജംഗ്ഷന് സമീപമുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി പഞ്ചായത്ത് നിർണ്ണയിച്ചിട്ടില്ല. (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) സ്ഥലപരിശോധനയിൽ മൊബൈൽ ടവറിന് 6.89ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതായി കാണുന്നു. പ്രസ്തുത മൊബൈൽ ടവറിന്റെ നികുതി നിർണ്ണയിച്ച് നികുതി ഈടാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെ അനധികൃതമായി നിർമ്മാണം നടത്തിയതാണെങ്കിൽ റെഗുലറൈസേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ച് ഫീസ്

ഈടാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പിരിവ് - അപാകതകൾ

**(1) പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല-തനത് വരുമാനത്തിൽ ലക്ഷങ്ങളുടെ നഷ്ടം സംഭവിക്കുന്നു**

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് തൊഴിൽ നികുതി. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

പ്ലാന്റേഷൻ കോർപ്പറേഷന്റെ വെബ്സൈറ്റിൽ നിന്നും കലഞ്ഞൂർ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റിൽ താഴെ പറയുന്ന പ്രകാരം ജീവനക്കാരും തൊഴിലാളിയും ഉള്ളതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ഓഫീസ് ജീവനക്കാർ | 40 |
| ഫീൽഡ് ജീവനക്കാർ | 79 |
| ടാപ്പിംഗ്തൊഴിലാളികൾ | 248 |
| ആകെ | 367 |

എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം 36 ജീവനക്കാരുടെ തൊഴിൽ നികുതിയായ 40250 രൂപ മാത്രമാണ് ലഭിച്ചിരിക്കുന്നത്. ബാക്കി 331 ജീവനക്കാരിൽ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് ഉണ്ടാകുന്ന വരുമാനനഷ്ടം ലക്ഷങ്ങളാണ്.ഇവരിൽ നിന്നും അടിയന്തിരമായി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**(2) വ്യാപാര സ്ഥാപനങ്ങളിലേയും വ്യവസായസ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കുന്നില്ല**

സഞ്ചയ സോഫ്റ്റ്വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1556 കെട്ടിടങ്ങൾ നിലവിലുണ്ട്. ഇതിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 378 എണ്ണം മാത്രമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും മാത്രമേ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും അതിലെ ജിവനക്കാരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലെയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ലൈസൻസ് അപേക്ഷ പരിശോധിക്കുമ്പോൾ 2-ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവടസ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇത് മൂലം പഞ്ചായത്തിലെ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. അപാകത പരിഹരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | പി&എസ് വുഡ് വർക്ക് | 1&II |
| 2 | എ.ജി.റ്റി മോട്ടോഴ്സ് | 1&II |
| 3 | റേഷൻകട ഉടമകൾ | 1&II |

**<u>(3)പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറെടുത്തിട്ടുളള കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>**

പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഡിമാൻറ് ചെയ്ത് ഈടാക്കി ഒടുക്കിയിട്ടില്ല. പേര് വിവരം ചുവടെ ചേർക്കുന്നു.

1. അമ്പിളിധരൻ നായർ, വിളയിൽ വീട്, കലഞ്ഞൂർ.
2. സുനിൽ കുമാർ പി എൻ, തേമ്പാവുമണ്ണിൽ, കൂടൽ.
3. വിഷ്ണു വി, വിശ്വഭവനം, മുറിഞ്ഞകൽ പി ഓ,
4. വിനായക് വി, വിനായക് ഭവനം, മുറിഞ്ഞകൽ പി ഓ, കൂടൽ.
5. ജോസ് എ, തോപ്പിൽ ഹൗസ്, കലഞ്ഞൂർ.
6. ശശിധരൻ പിള്ള, സന്ധ്യാ ഭവനം, കലഞ്ഞൂർ.
7. കുസുമൻ എ, കളീലുവിളയിൽ വീട്, പുതുവേൽ, പത്തനാപുരം.
8. ആർ അജയൻ, ശ്രീവിഹാർ, കലഞ്ഞൂർ.
9. അനിൽ കുമാർ ഡി, അനിൽ ഭവനം, കലഞ്ഞൂർ.
10. ശാന്തകുമാർ കെ, മൂർത്തിമണ്ണിൽ, നെടുമൺകാവ്, കൂടൽ.

11. ചന്ദ്രബാബു എം, ശിവരാജവിലാസം, കലഞ്ഞൂർ.

12. അബ്ദുൾ റഹ്മാൻ, തോട്ടത്തിൽ പുരയിടം, കലഞ്ഞൂർ.

13. സുധീർ കുമാർ വി, മോളേത്ത് ഹൗസ്, പുതുവേൽ പി ഒ

14. ബിനു ജോർജ്ജ്, ചരുവിൽ തെക്കേതിൽ, കലഞ്ഞൂർ.

15. ശശിധരക്കുറുപ്പ്, മങ്കേടത്തിൽ ഹൗസ്, കലഞ്ഞൂർ.

16. ഷിബു. ഇ സാമുവൽ, ഇലങ്ങാട്ട് ഹൗസ്, കൂടൽ.

17. സാജ് മോൻ വൈ., സജി ഭവനം, കലഞ്ഞൂർ.

പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലെ ഓരോ മുറികൾക്കും വെവ്വേറെ നമ്പരിട്ട്, വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുക വഴി പഞ്ചായത്തിന് വൻ തോതിൽ നികുതി നഷ്ടമുണ്ടാകുന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14-10-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 100 ച.മീ. വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 35 രൂപയും 100 ച.മീറ്ററിന് മുകളിൽ 60 രൂപയുമാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം ഒന്നുതന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>വർഡ്നമ്പർ</th><th>കെട്ടിടനമ്പർ</th><th>ഉടമയുടെ പേര്</th><th>ച.മി</th><th>നിർണ്ണയിച്ച വസ്തുനികുതി (ച.മി)</th><th>വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത് (ച.മി)</th></tr>
<tr><td>15</td><td>754</td><td>മത്തായി ഉണ്ണൂണ്ണി</td><td>22</td><td rowspan="8">35</td><td rowspan="8">കടമുറിയുടെ ആകെ വിസ്തീർണ്ണം 100m$^2$കൂടുതലായതിനാൽ എല്ലാ കടമുറികൾക്കും 60രൂപാ നിരക്കിൽ നികുതി നിർണ്ണയിക്കണം</td></tr>
<tr><td>15</td><td>755</td><td>മത്തായി ഉണ്ണൂണ്ണി</td><td>22</td></tr>
<tr><td>15</td><td>756</td><td>മത്തായി ഉണ്ണൂണ്ണി</td><td>22</td></tr>
<tr><td>15</td><td>757</td><td>മത്തായി ഉണ്ണൂണ്ണി</td><td>32.5</td></tr>
<tr><td>15</td><td>758</td><td>മത്തായി ഉണ്ണൂണ്ണി</td><td>32.5</td></tr>
<tr><td>15</td><td>759</td><td>മത്തായി ഉണ്ണൂണ്ണി</td><td>32.5</td></tr>
<tr><td>15</td><td>760</td><td>മത്തായി ഉണ്ണൂണ്ണി</td><td>32.5</td></tr>
<tr><td>15</td><td>761</td><td>മത്തായി ഉണ്ണൂണ്ണി</td><td>65</td></tr>
<tr><td>18</td><td>934</td><td>സുനിൽകുമാർ</td><td>107.92</td><td>35</td><td>,,</td></tr>
<tr><td>16</td><td>886</td><td>മുഹമ്മദ് ഹനീഫ</td><td>65.1</td><td>3</td><td>,,</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| 16 | 887 | മുഹമ്മദ് ഹനീഫ | 73.6 | 35 | |
| 16 | 900 | ജേക്കബ് | 18.82 | 35 | ,, |
| 16 | 901 | ജേക്കബ് | 23.68 | | |
| 16 | 908 | ജേക്കബ് | 19.7 | | |
| 16 | 909 | ജേക്കബ് | 18.65 | | |
| 16 | 910 | ജേക്കബ് | 20.76 | | |
| 16 | 834 | ജയശ്രീ | 34 | 35 | ,, |
| 16 | 835 | ജയശ്രീ | 34 | | |
| 16 | 836 | ജയശ്രീ | 34 | | |
| 15 | 833 | വർഗ്ഗീസ് റജിമോൻ | 85.6 | 35 | ,, |
| 15 | 834 | വർഗ്ഗീസ് റജിമോൻ | 72.66 | 35 | |
| 14 | 706 | കോശിമാത്യു | 84.39 | 35 | ,, |
| 14 | 707 | കോശിമാത്യു | 84.39 | | |
| 17 | 602 | ശ്രീകുമാർ | 35 | 35 | ,, |
| 17 | 603 | ശ്രീകുമാർ | 35 | | |
| 17 | 604 | ശ്രീകുമാർ | 35 | | |
| 17 | 605 | ശ്രീകുമാർ | 35 | | |
| 17 | 606 | ശ്രീകുമാർ | 35 | | |
| 18 | 857 | രാജുതോമസ് | 30 | 35 | ,, |
| 18 | 858 | രാജുതോമസ് | 30 | | |
| 18 | 859 | രാജുതോമസ് | 30 | | |
| 18 | 860 | രാജുതോമസ് | 30 | | |
| 18 | 861 | രാജുതോമസ് | 30 | | |
| 18 | 862 | രാജുതോമസ് | 30 | | |
| 18 | 863 | രാജുതോമസ് | 30 | | |
| 18 | 864 | രാജുതോമസ് | 30 | | |
| 18 | 871 | രാജൻ ജോർജ്ജ് | 42.5 | 35 | ,, |
| 18 | 872 | രാജൻ ജോർജ്ജ് | 42.5 | | |
| 18 | 873 | രാജൻ ജോർജ്ജ് | 85 | | |

മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-18/17-07-2019) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 വാടകയ്ക്ക് ജി.എസ്.ടി ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 1.11.2017-ലെ സ.ഉ.(അച്ചടി).87/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയ്ക്ക് 18% ജി.എസ്.ടി ബാധകമാണ്. എന്നാൽ 2018-2019 സാമ്പത്തിക വർഷം പഞ്ചായത്ത് വാടകയ്ക്കു നൽകിയ കടമുറികളുടെ വാടകയോടൊപ്പം ജി.എസ്.ടി ഈടാക്കുന്നില്ല. ഇതുമൂലം കേന്ദ്ര-സംസ്ഥാന സർക്കാറിന് ലഭിക്കേണ്ട നികുതിയാണ് നഷ്ടപ്പെടുന്നത്. കടമുറികളുടെ വാടകയോടൊപ്പം ജി.എസ്.ടി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 കടമുറി വാടക പിരിക്കുന്നതിൽ വീഴ്ച

വാടക രജിസ്റ്റർ പ്രകാരം 2018-2019 സാമ്പത്തിക വർഷം പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടകയിനത്തിൽ 73755 രൂപ പിരിച്ചെടുക്കാനുള്ളതായി കാണുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 15 പ്രകാരം കുടിശ്ശിക 5354 രൂപയാണ് കാണിച്ചിരിക്കുന്നത്. കുടിശ്ശികയിനത്തിലെ കണക്കുകളിൽ ഗണ്യമായ അന്തരമാണ് ഉള്ളത്. ഡിമാന്റ്, കളക്ഷൻ എന്നിവ കൃത്യമായി കണക്കാക്കേണ്ടതും കുടിശ്ശിക ഈടാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8 ടെണ്ടർ ഫീസ് 2.8 ലക്ഷം രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചില്ല

കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് 2016-17 മുതൽ 2018-19 വരെ കാലയളവിൽ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടറിംഗ് നടത്തിയപ്പോൾ ലഭിച്ച ടെണ്ടർ ഫോറത്തിന്റെ വില എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഈ കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ 280480 രൂപ ലഭിക്കുകയുണ്ടായി (2016-17 - ₹178580, 2017-18 - ₹33600, 2018-19 - ₹68300). ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് വരുമാനമാണ്. പ്രസ്തുത തുക എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് നാളിതുവരെ വകമാറ്റി ലഭിച്ചിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ത്രിതല പഞ്ചായത്തുകളിലെ ഇ-ടെണ്ടറിംഗുമായി ബന്ധപ്പെട്ട് ഫീസുകളും മറ്റും ഒടുക്കുന്നതിന് അക്കൗണ്ട് തുടങ്ങുന്നതിനും അക്കൗണ്ട് വിവരങ്ങൾ ഇ-ടെണ്ടർ പോർട്ടലിൽ ചേർക്കുന്നതിനും 17.08.17-ലെ ഡി.ബി.1/7942/2010/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല. പകരം എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലൂടെയാണ് ഇപ്പോഴും ടെണ്ടർ ഫീസ് സ്വീകരിച്ച് വരുന്നത്. അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിനും അക്കൗണ്ട് വിവരം ഇ-ടെണ്ടർ പോർട്ടിലിൽ ചേർക്കുന്നതിനും സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-9 കാലാവധി എത്തിയ സ്ഥിരനിക്ഷേപങ്ങൾ പുതുക്കിയില്ല

കാലാവധി എത്തിയ ചുവടെ ചേർക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പുതുക്കി നിക്ഷേപിച്ചിട്ടില്ല.

| ക്രമ നം. | നിക്ഷേപ തീയതി | ബാങ്ക് | കാലയളവ് | തുക |
|---|---|---|---|---|
| 1. | 11.01.2018 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ലിമിറ്റഡ് | 10 വർഷം | 3270 |
| 2. | 11.07.2002 | ,, | 9 വർഷം | 3817 |

ടി സ്ഥിരനിക്ഷേപങ്ങൾ പുതുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രോജക്ടുകളുടെ ബാഹുല്യം-മരാമത്ത് പ്രവൃത്തികളിൽ കോടികളുടെ സർക്കാർ ഗ്രാന്റ് ലാപ്സാക്കി.

2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 8.42 കോടി രൂപയുടെ 283 പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ 174 പദ്ധതികൾക്ക് പൂർണ്ണമായോ ഭാഗികമായോ ചെലവുണ്ടായിട്ടുണ്ട്. 109 പദ്ധതികൾക്ക് യാതൊരു ചെലവുമുണ്ടായിട്ടില്ല. ഇതു കാരണം കോടികളുടെ സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കാനാകാതെ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | | | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | | | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| സ്പിൽ ഓവർ | പുതിയത് | ആകെ | സ്പിൽ ഓവർ | പുതിയത് | ആകെ | സ്പിൽ ഓവർ | പുതിയത് | ആകെ |
| 98 | 185 | 283 | 80 | 94 | 174 | 18 | 91 | 109 |

109 പദ്ധതികളാണ് തൻ വർഷം നടപ്പാക്കാതിരുന്നത്.ഇതിനായി സർക്കാർ ഗ്രാന്റിൽ നിന്നും വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വികസന ഫണ്ട് (ജനറൽ) (₹) | വികസന ഫണ്ട് (SCP) (₹) | ധനകാര്യ കമ്മീഷൻ വിഹിതം (₹) | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) (₹) | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) (₹) | ആകെ (₹) |
|---|---|---|---|---|---|---|
| സ്പിൽ ഓവർ | 64500 | 859260 | 1950185 | 1151411 | 1388000 | 5413356 |
| പുതിയത് | 3628681 | 1996200 | 3680000 | 10051000 | 1300001 | 20655882 |
| **ആകെ** | **3693181** | **2855460** | **5630185** | **11202411** | **2688001** | **26069238** |

തനതുഫണ്ടിൽ നിന്നും ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുക ഇവിടെ കണക്കിലെടുത്തിട്ടില്ല. ചെലവായ പദ്ധതിയിൽത്തന്നെ പൂർണ്ണമായും തുക ചെലവഴിച്ചിട്ടില്ലാത്തതിനാൽ അത്തരം തുക ഇവിടെ കണക്കിലെടുത്തിട്ടില്ല.

സർക്കാർ ഗ്രാന്റിൽ നിന്നും വൻ തുക വകയിരുത്തി പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കേണ്ട പണത്തിനും വികസനത്തിനുമാണ് കുറവുണ്ടായിട്ടുള്ളത്. (2.60 കോടി രൂപയുടെ മരാമത്ത് പ്രവൃത്തികളാണ് നടപ്പാക്കാതിരുന്നത്). ഇതിൽ 54.13 ലക്ഷവും സ്പിൽ ഓവർ പദ്ധതികൾക്കുള്ള വകയിരുത്തലുകളാണ്.ഇതിലൊന്ന് കൂടൽ ഷോപ്പിംഗ് കോംപ്ളക്സ്

അറ്റകുറ്റപ്പണിയാണ് (പ്രൊജക്ട് നം:282/18-19).ഇതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ 3 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഈ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ചെക്ക് മെഷർമെന്റ് പോലും നടത്താൻ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നാണ് ഉദ്യോഗസ്ഥരിൽ നിന്നും ഓഡിറ്റിനു അറിയാൻ കഴിഞ്ഞത്. വകുപ്പ് തലത്തിൽ ഇതിന്മേൽ തുടരന്വേഷണം നടത്തേണ്ടതാണ്.

പൊതു സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്ലാന്റ് എന്ന പദ്ധതിയ്ക്കായി (പ്രൊജക്ട് നം:288/18-19) ധനകാര്യ കമ്മീഷൻ വിഹിതം 10.75 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആസൂത്രണത്തിലെ പാളിച്ച മൂലം ഈ തുകയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കുളത്തുമൺ LPS മെയിന്റനൻസ്, ഇഞ്ചപ്പാറ 66-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്, വെറ്റിനറി ഹോസ്പിറ്റൽ പുനരുദ്ധാരണം, പടപ്പാറ കുടിവെള്ള പദ്ധതി നവീകരണം തുടങ്ങിയ സ്പിൽ ഓവർ പദ്ധതികളും നടപ്പാക്കാതെ പോയതു മൂലം ലക്ഷങ്ങളുടെ സർക്കാർ ഗ്രാന്റാണ് നഷ്ടമായത്.

പുതുതായി തയ്യാറാക്കിയ പദ്ധതികളിൽ നിരവധി റോഡ് ടാറിംഗ്/റീടാറിംഗ്, കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി പ്രവൃത്തികൾ നടപ്പായിട്ടില്ല. മറ്റു നടപ്പാക്കാത്ത പ്രവൃത്തികളിൽ പ്രാധാന്യം ഉള്ളത് പകൽവീട് ഭൗതിക സാഹചര്യം ഒരുക്കൽ ((പ്രൊജക്ട് നം:150/18-19),₹908681), ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം ഒരുക്കൽ ((പ്രൊജക്ട് നം:151/18-19),₹500000), പൊതു ശ്മശാനം നിർമ്മിക്കൽ ((പ്രൊജക്ട് നം:242/18-19),₹1400000) എന്നിവയാണ്.
പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ ബാധിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.തൻ വർഷം 1-2 ലക്ഷം രൂപ മാത്രം വകയിരുത്തിയ ഇരുന്നൂറോളം പദ്ധതികളുണ്ടായിരുന്നു. ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളുമായിരുന്നു. ഇത് ശരിയായ വികസന കാഴ്ചപ്പാടല്ല. 1 ലക്ഷം രൂപ വകയിരുത്തി 26M റോഡ് കോൺക്രീറ്റ് മാത്രമെ ചെയ്യാൻ കഴിയുകയുള്ളൂ. 20 വാർഡുകളിൽ 5 മുതൽ 10 വരെ സ്ഥലത്ത് ഇത്തരത്തിൽ കോൺക്രീറ്റ് ചെയ്യുന്നതാണ് മരാമത്ത് പ്രവൃത്തി എന്ന കാഴ്ചപ്പാട് ശരിയല്ല. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ വളരെ കുറവായാണ് നടത്തിയിട്ടുള്ളത്. ചെറിയ അടങ്കൽ തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വളരെയധികം ഫയൽ വർക്കും മറ്റു നടപടികളും എഞ്ചിനിയറിംഗ് വിഭാഗത്തിനു ചെയ്യേണ്ടതായി വരുന്നു. ഇത് കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനു സാങ്കേതിക വിഭാഗത്തിനു സാധിക്കാത്തതിനു കാരണമാകുന്നു. 5 ലക്ഷത്തിൽ കൂടുതൽ തുക വകയിരുത്തിയ വെറും 33 പ്രവൃത്തികൾ മാത്രമാണ് തൻവർഷം ആവിഷ്കരിച്ചത്. ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വ്യത്യാസവും (thin spread of resources)ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണം.
അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകളും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അംഗീകരിച്ച പ്രോജക്ട്, എസ്റ്റിമേറ്റ് എന്നിവ എല്ലാ ഫയലിലും സൂക്ഷിച്ചിട്ടില്ല
2. എസ്റ്റിമേറ്റ് റിപ്പോർട്ടും, സൈറ്റ് പ്ലാനും എല്ലാം ഫയലുകളിലും സൂക്ഷിച്ചിട്ടില്ല
3. റിവൈസ്ഡ് എസ്റ്റിമേറ്റുകളിൽ ടി.എസ്. നമ്പരും, തീയതിയും രേഖപ്പെടുത്തുന്നില്ല.
4. സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നില്ല.
5. എസ്റ്റിമേറ്റുകളുടെ TS slip-കൾ എല്ലാ ഫയലിലും സൂക്ഷിച്ചില്ല.
6. എഗ്രിമെന്റ് രജിസ്റ്ററിലും, കരാറിലും കരാർ കാലയളവ് രേഖപ്പെടുത്തുന്നില്ല (Agreed date of completion).

7. കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല. പിഴ ഒടുക്കാതെ കരാർ വയ്ക്കുന്നതിനുള്ള അവസാന തീയതി നോട്ടീസിൽ വ്യക്തമാക്കുന്നില്ല.

8. കംപ്ലീഷൻ സർട്ടിഫിക്കറ്റ് എല്ലാ ഫയലിലും ലഭ്യമാക്കിയിട്ടില്ല.

9. പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് എല്ലാ ഫയലിലും ലഭ്യമാക്കിയിട്ടില്ല.

10. എഗ്രിമെന്റുകൾക്കൊപ്പം എഗ്രിമെന്റ് ഷെഡ്യൂൾ എല്ലാ ഫയലിലും ഹാജരാക്കിയിട്ടില്ല.

11. എഗ്രിമെന്റ് പൂർണ്ണമായി പൂരിപ്പിച്ച് കരാറുകാരനും, എഞ്ചിനീയറും, സാക്ഷികളും ഒപ്പ് വച്ച് ആധികാരികമാക്കുന്നില്ല.

12. എസ്.സി.പി. പ്രോജക്ടുകളുടെ കാര്യത്തിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വർക്ക് ഫയലിൽ സൂക്ഷിക്കുന്നില്ല.

13. വർക്ക് ബില്ലിന്റെ (ട്രഷറി കോപ്പി) പകർപ്പ് എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

14. ഫയലിൽ സൂക്ഷിച്ചിട്ടുള്ള വർക്കുബില്ലുകളിൽ പേയ്മെന്റിന്റെ സംക്ഷിപ്ത വിവരം (Memorandum of Payment) രേഖപ്പെടുത്തുന്നില്ല.

    അളവ് പുസ്തകങ്ങളിൽ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സിമന്റ്, കമ്പി, ബിറ്റുമിൻ എന്നിവയുടെ അളവ് എല്ലാ ഫയലിലും രേഖപ്പെടുത്തുന്നില്ല.

15. ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിലും ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയും എഴുതി സൂക്ഷിക്കുന്നില്ല.

16. ടെണ്ടർ ഫോറം സ്റ്റോക്ക്, വില്പന രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

ടി ന്യൂനതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ന്യൂനതകൾ പരിഹരിക്കുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-2 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ (സ.ഉ.(കൈ.)നം.11/2018/തസ്വഭവ, തീ. 29.01.2018) ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

1. വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ട് വേണം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. (ഖ.3.3.5.(1). എന്നാൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ചാണ് മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുള്ളത്.

2. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (this spread of resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല (ഖ.2.3.(7). വാർഷിക പദ്ധതിയിൽ 283 മരാമത്ത് പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഭൂരിപക്ഷം പ്രവൃത്തികളും 5 ലക്ഷ രൂപയിൽ താഴെ അടങ്കലുള്ള പ്രവൃത്തികളായിരുന്നു.

3. പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുകയോ, പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

4. സുലേഖ സോഫ്റ്റ് വെയറിൽ പ്രോജക്ടിന്റെ വിവരങ്ങൾ നൽകുന്നതിനോടൊപ്പം പ്രോജക്ടിനെക്കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് സംഗ്രഹം കൂടി തയ്യാറാക്കി ചേർക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (3.5.1.(4)).

5. റോഡ്/റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കണമെന്നും അതിനായി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ച ചേർക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (6.7(7))

6. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നില്ല (7.8.2(2))

7. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിർദ്ദേശം പാലിക്കുന്നില്ല (7.13(1))

8. തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന നിബന്ധന പാലിക്കുന്നില്ല. പഞ്ചായത്തിൽ റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല (7.13(6)).

9. റോഡ് നിർമ്മാണം, റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് പണികൾ ചെയ്യുന്നത് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(8)).

10. നാറ്റ് പാക്ക് (National Transportation Planning and Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവിൽ പ്ലാസ്റ്റിക് ടാറിൽ ചേർത്ത് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(10)).

11. ഗുണമേന്മയുള്ളതും, ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയിൽ നിർമ്മിക്കാൻ ശ്രമിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(12)).

12. നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഒരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (11.2.(6)).

13. നിർവ്വഹണം പൂർത്തിയാക്കിയ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (11.4.(1)).

14. നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല (11.4.(2)).

15. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺനമ്പരും, എഞ്ചിനീയറുടെ പേരും, ഫോൺനമ്പരും അടങ്കൽ തുക പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി

സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, ഡിസ് പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം പാലിക്കുന്നില്ല (13.5).

മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# 3-3 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയില്ല

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ കരാർ ദീർഘിപ്പിച്ച് പിഴ ചുമത്താതിരുന്നത് മൂലം പിഴയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുകയും ഈ തുക കരാറുകാർക്ക് അധികമായി ലഭ്യമാകുകയും ചെയ്തു.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിനു നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) ഒരു ശതമാനം പിഴയോടുകൂടിയോ (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) അതിൽ കൂടുതൽ വരുന്ന 25% വരെ സമയം കരാർ തുകയുടെ 2% പിഴയോടു കൂടിയും (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) അനുവദിക്കാവുന്നതാണ്. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം കരാർ കാലാവധിയുടെ 50% ൽ അധികരിക്കാനും പാടില്ല.

2012 മാന്വൽ അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കരാർ തുക | അധികമായ എടുത്ത കാലാവധി | ചുമത്തേണ്ട പിഴ |
|---|---|---|---|---|
| 1. | 314/19,ആയക്കുന്നം പറയങ്കോട് റോഡ്.<br>കരാറുകാരൻ:സജി മോൻ,സജി ഭവനം, കലഞ്ഞൂർ<br>എഗ്രിമെന്റ് നം./ തീയതി : 91/17-18;29.12.2017<br>പ്രവൃത്തിയുടെ കാലാവധി :4 മാസം.<br>പ്രവൃത്തി ആരംഭിച്ച | 199357 | 46 ദിവസം | 4120<br>(199357x1%+199357x 2%x16/30) |

| | | | | |
|---|---|---|---|---|
| | തീയതി:29.12.2017<br>പൂർത്തീകരിച്ച തീയതി: 12.06.18<br>ബിൽ നം. / തീയതി :<br>59641/24.07.18<br>തുക:199337 | | | |
| 2 | 306/19,പടപ്പാറ BSNL ടവർ റോഡ്<br>കരാറുകാരൻ: ഷിബു ഇ സാമുവൽ<br>എഗ്രിമെന്റ് നം./ തീയതി :79/17-18;16-11-2017<br>പ്രവൃത്തിയുടെ കാലാവധി :4 മാസം.<br>പ്രവൃത്തി ആരംഭിച്ച തീയതി:16.11.2017<br>പൂർത്തീകരിച്ച തീയതി: 30.07.18<br>ബിൽ നം. / തീയതി :<br>22844/21.11.18<br>തുക:458057 | 467575 | 136 ദിവസം | 14027<br>(467575x3%) |
| 3 | 412/19,മരുതിക്കാല കാവിൽ മോഹനവിലാസം റോഡ്<br>കരാറുകാരൻ: കുസുമൻ എ,<br>കളീലുവിളയിൽ,പുതുവൽ<br>എഗ്രിമെന്റ് നം./ തീയതി :36/17-18;17-10-2017<br>പ്രവൃത്തിയുടെ കാലാവധി :4 മാസം.<br>പ്രവൃത്തി ആരംഭിച്ച തീയതി:17-10-2017<br>പൂർത്തീകരിച്ച തീയതി: 26.07.18<br>ബിൽ നം. / തീയതി :<br>472/28.02.19<br>തുക:458057 | 299741 | 282 ദിവസം | 8992<br>(299741x3%) |
| 4 | 319/18-19, പോസ്റ്റ് ഓഫീസ് കുഴിപ്പാറ റോഡ്<br>കരാറുകാരൻ:കുസുമൻ എ, | 424266 | 272 ദിവസം | 12728<br>(424266x3%) |

| | | | | | |
|---|---|---|---|---|---|
| | കളീലുവിളയിൽ,പുതുവൽ<br>എഗ്രിമെന്റ് നം./ തീയതി :32/18;17.10.17<br>പ്രവൃത്തിയുടെ കാലാവധി :4 മാസം.<br>പ്രവൃത്തി ആരംഭിച്ച<br>തീയതി:17-10-2017<br>പൂർത്തീകരിച്ച തീയതി: 16.07.18<br>ബിൽ നം. / തീയതി :<br>59639/24.07.18<br>തുക:424266 | | | | |
| | ആകെ | | | 39867 | |

വിവരിച്ച അപാകതകളിന്മേൽ എന്തെങ്കിലും വിശദീകരണം നൽകാനുണ്ടെങ്കിൽ ആയത് അടിയന്തിരമായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/2019 തീയതി 22.07.2019) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല. ₹39867 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തിയതിനു ഫൈൻ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകമോ അതിനു ശേഷമോ കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്,കരാറുകാരൻ,കരാർ തുക | സെലക്ഷൻ നോട്ടീസ് | കരാർ ഒപ്പിട്ട | ബിൽ തുക, | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|

| | | അയച്ച തീയതി | തീയതി | ബിൽ നം/ തീയതി | |
|---|---|---|---|---|---|
| 1 | 131/19,CP റോഡ് ഐറിഷ് നിർമ്മാണം,<br>K അബ്ദുൾ റഹ്മാൻ,<br>തോട്ടരിക്കാത്ത് പുരയിടം,കലഞ്ഞൂർ<br>തുക:-269905 | 01.08.2018 | 12.11.2018 | ₹199913<br>(നം:74418/<br>27.02.19),<br>₹70000,<br>(നം:74418/<br>27.02.19) | 2699 |
| 2 | 92/18-19,മുറിഞ്ഞകൽ ടാബോർ മല റോഡ് കോൺക്രീറ്റിംഗ്,<br>വിഷ്ണു വി,വിശ്വഭവൻ,<br>മുറിഞ്ഞകൽ,<br>തുക:-149475 | 01.08.2018 | 24.09.2018 | ₹149475<br>(നം:54737/<br>14.01.19) | 1495 |
| 3 | 94/19,അമ്പലത്തുകര കുന്നത്തു റോഡ് കോൺക്രീറ്റിംഗ്,<br>കുസുമൻ എ,കളീലുവിളയിൽ,കലഞ്ഞൂർ<br>തുക:-149048 | 01.08.2018 | 25.10.18 | ₹49048<br>(നം:84301/<br>28.02.19)<br>₹100000<br>(നം:84295/<br>28.02.19) | 1490 |
| 4 | 132/18-19,പാലമല കാഞ്ഞിരുവിള ഐറിഷ്<br>ആർ അജയൻ,<br>ശ്രീവിഹാർ,<br>കലഞ്ഞൂർ<br>തുക:-199399 | 01.08.18 | 24.09.18 | ₹199399<br>(നം:74423/<br>27.02.19) | 1994 |
| 5 | 65/18-19,മണലുവിള വെട്ടിക്കാത്തറ റോഡ്,<br>അനിൽ കുമാർ D,<br>അനിൽ ഭവനം, കലഞ്ഞൂർ<br>തുക:-99492 | 01.08.18 | 24.09.18 | 99492<br>(നം:51091/<br>12.01.19) | 1000 |
| 6 | 121/18-19,താവിളത്തുവിള പാലമല | 30.10.18 | 27.12.18 | 99492 | 1000 |

| | | | | | |
|---|---|---|---|---|---|
| | റോഡ്,<br>അജയ കുമാർ,ചെറുവാളിൽ താഴത്തുവീട്,മൈലം പി ഒ<br>തുക:-99492 | | | (നം:91228/ 16.03.19) | |
| 7 | 224/18-19,ഇഞ്ചപ്പാറ കാരക്കുഴി റോഡ് സൈഡ് കെട്ട്,<br>ഡി കൃഷ്ണൻകുട്ടി,കൃഷ്ണവിലാസം,അഞ്ചൽ<br>തുക:-299601 | 30.10.18 | 26.12.2018 | ₹299601 (നം:74426/ 27.02.19) | 2996 |
| 8 | 207/19,ഒന്നാംകുറ്റി പെരുന്താളൂർ ഐറിഷ്,<br>അഭിജിത്ത് കെ,കളീലുവിളയിൽ,പത്തനാപുരം<br>തുക:-299600 | 01.08.18 | 25.10.18 | ₹299600 (നം:51089/ 12.01.19) | 2996 |
| 9 | 67/19,പുതുക്കളം സൗപർണ്ണിക റോഡ്<br>സുനിൽ കുമാർ P N,തെമ്പാവുമണ്ണിൽ,കൂടൽ<br>തുക:-195395 | 01.08.18 | 24.09.18 | ₹195395 (നം:64407/ 28.11.18) | 1954 |
| 10 | 179/19,കുളത്തുമൺ അംബേദ്കർ കോളനി റോഡ്,<br>ശാന്തകുമാർ കെ,മൂർത്തിമണ്ണിൽ,നെടുമൺകാവ്<br>തുക:-199929 | 30.10.18 | 23.02.19 | ₹199929, (നം:99984/ 16.03.19) | 1999 |
| 11 | 306/19,പടപ്പാറ BSNL ടവർ റോഡ്,<br>ഷിബു ഇ സാമുവൽ,<br>ഏലങ്ങാട്ട്,കൂടൽ<br>തുക:-467575 | 03.10.2017 | 16.11.2017 | ₹458057, (നം:22844/ 21.11.18) | 4676 |
| 12 | 223/19,കൂടൽ സെന്റ് മേരീസ് പള്ളിപ്പടി റോഡ്<br>കുസുമൻ എ,<br>കളീലുവിളയിൽ,കലഞ്ഞൂർ | 30.10.18 | 29.11.2018 | 148451 (നം:/ ) | 1485 |

| | | | | | |
|---|---|---|---|---|---|
| | തുക:-148451 | | | | |
| 13 | 182/19,കാലായിൽ കഞ്ചോട്ടു റോഡ്, കുസുമൻ എ, കളീലുവിളയിൽ,കലഞ്ഞൂർ തുക:-197574 | 30.10.18 | 29.11.2018 | ₹197574 (നം:99981/ 16.03.19) | 1976 |
| 14 | 93/19, മുറിഞ്ഞകൽ ജയവിലാസം റോഡ് വിനായക് വി,വിനായക് ഭവൻ,മുറിഞ്ഞകൽ തുക:-149048 | 01.08.18 | 24.09.2018 | 149048 (നം:/ ) | 1490 |
| 15 | 193/19, മരുതിക്കാല ഈട്ടിവിള റോഡ് അനിൽകുമാർ ഡി,അനിൽ ഭവനം,കലഞ്ഞൂർ. തുക:-99069 | 01.08.18 | 24.09.2018 | 99069 (നം:16498/ 16.02.19) | 1000 |
| 16 | 164/18-19,കുറുങ്ങയം കൊല്ലിയാനിക്കോട് റോഡ് സുനിൽ കുമാർ P.N, തേമ്പാരുമണ്ണിൽ,കൂടൽ തുക:198393 | 01.08.18 | 24.09.2018 | ₹198393 (നം:96115/ 27.12.19) | 1984 |
| | ആകെ | | | | 32234 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:25/2019 തീയതി: 22.07.2019) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഈ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.₹32234 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-5 വൈദ്യുതി കണക്ഷൻ എടുത്തില്ല; പണിപൂർത്തിയാക്കിയ കുടിവെള്ള പദ്ധതികൾ മുടങ്ങികിടക്കുന്നു

2018-19 സാമ്പത്തിക വർഷം പണി പൂർത്തിയാക്കിയ രണ്ട് കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള തുക പ്രോജക്റ്റിൽ വകയിരുത്താതെ പദ്ധതി നടപ്പിലാക്കുകയും,

പണിപൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയതിനുശേഷം വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതിനാൽ പദ്ധതികൾക്ക് പൊതു ഖജനാവിൽനിന്നും നിക്ഷേപിച്ച 598179 രൂപ പ്രയോജനരഹിതമായി അവശേഷിക്കുന്നു. പ്രോജക്ട് നമ്പർ 272/19പ്രകാരമുള്ള പാടം ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതിയ്ക്ക് 294296 രൂപയും, 277/19 പ്രകാരമുള്ള മാലക്കര കുടിവെള്ള പദ്ധതിയ്ക്ക് 303883 രൂപയുമാണ് പഞ്ചായത്ത് ചെലവഴിച്ചത്. ഈ രണ്ട് പദ്ധതികൾക്കും വെള്ളം പമ്പ് ചെയ്യുന്നതിനുള്ള പമ്പ് സെറ്റുകൾവരെ സ്ഥാപിച്ചിട്ടുള്ളതാണ്. വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗിന് വകമാറ്റി

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭ്യമായ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 7633152 രൂപ വകമാറ്റി ചെലവഴിച്ചു. കേന്ദ്ര ധനമന്ത്രാലയത്തിന്റെ മാർഗരേഖ പ്രകാരം ധനകാര്യ കമ്മീഷിൻ ഗ്രാന്റിന്റെ ഉപയോഗം കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് നടത്താവുന്നതല്ലെന്ന് 18.09.2017-ലെ ഡി.എ.1/672/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. 10.11.2017-ലെ ഡി.എ.1/859/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും, സംരക്ഷണത്തിന്റെയും ഭാഗമായി ടാറിംഗും, കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഇവ അനുവദിക്കാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ ഓഡിറ്റ് വർഷം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 10999350 രൂപ അടങ്കൽ വകയിരുത്തി 63 പ്രോജക്റ്റുകൾ ആവിഷ്കരിച്ച് 7633152 രൂപ ചെലവഴിച്ചു. സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-7 കുടിവെള്ള പദ്ധതികൾ നിർജ്ജീവ അവസ്ഥയിൽ

രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പത്തോളം കുടിവെള്ള പദ്ധതികൾ നിർജ്ജീവാവസ്ഥയിലാണ്. ഇവ പുനരുജ്ജീവിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. നിർജ്ജീവമായ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | വാർഡ് നം. |
|---|---|---|
| 1. | തട്ടാകുടി – കുടിവെള്ള പദ്ധതി | VII |
| 2. | നെല്ലിമുരുപ്പ് കുടിവെള്ള പദ്ധതി | XIX |
| 3. | കടുത്ത കുടിവെള്ള പദ്ധതി | XVI |
| 4. | കാഞ്ഞിരമുകൾ കുടിവെള്ള പദ്ധതി | XVII |
| 5. | കുളത്തുമൺ അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | VI |
| 6. | IHDP കോളനി കുടിവെള്ള പദ്ധതി | X |
| 7. | പോത്തുപാറ കുടിവെള്ള പദ്ധതി | VI |
| 8. | പടപ്പാറ കോളനി കുടിവെള്ള പദ്ധതി | V |
| 9. | പാറക്കുട്ടം കോളനി കുടിവെള്ള പദ്ധതി | XX |
| 10. | കമ്പകത്തുംപച്ച കുടിവെള്ള പദ്ധതി | VI |

ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിട്ടിയുടെ കുടിവെള്ള പദ്ധതികളോ, സ്റ്റീറ്റ് ടാപ്പുകളോ നിലവിലില്ല. ത്രിതല പഞ്ചായത്തുകൾ ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഈ പദ്ധതികൾ പ്രവർത്തന ക്ഷമമാക്കി സംരക്ഷിക്കേണ്ട ചുമതല പഞ്ചായത്തിനുണ്ട്. പൊതു ഖജനാവിൽനിന്നും ഗണ്യമായ പണം ചെലവഴിച്ച് സ്ഥാപിച്ച കുടിവെള്ള പദ്ധതികൾ പ്രവർത്തന ക്ഷമമാക്കി സംരക്ഷിക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി. നിർജ്ജീവമായ പല കുടിവെള്ള പദ്ധതികളും പുനരുദ്ധരിക്കുന്നത് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും നടപ്പിലാക്കുന്നില്ല. ഉദാഹരണമായി ഓഡിറ്റ് വർഷം പടപ്പാറ കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണത്തിനായി 989260 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

നിർജ്ജീവമായി കിടക്കുന്ന കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് സത്വര നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-8 സ്ഥലം കണ്ടെത്താതെ ശ്മശാനം നിർമ്മിക്കുന്നതിന് കരാർ നൽകി; വകയിരുത്തിയ 14 ലക്ഷം രൂപ ലാപ്സായി

| | |
|---|---|
| പ്രോജക്റ്റ് നം/പേര് | 242/18-19, പൊതു ശ്മശാനം നിർമ്മിക്കൽ |
| അടങ്കൽ | 1400000, വികസന ഫണ്ട്. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |


ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി 14 ലക്ഷം രൂപയുടെ വികസന ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കി ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നു. പ്രോജക്റ്റ് നിയമാനുസൃതവും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതവും വർക്കിംഗ് ഗ്രൂപ്പ് യോഗം പദ്ധതി അംഗീകരിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ രാജീവ് പ്രോജക്റ്റ് ഫോമിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയും (2(2)/23.11.2018) ഭരണസമിതിയുടെ ഭരണാനുമതിയും (6(5)/26.11.2018) ഈ പദ്ധതിക്കു ലഭിച്ചിരുന്നു.ആവശ്യമായ എല്ലാ രേഖകളും പ്രൊജക്റ്റിനോടൊപ്പം സമർപ്പിച്ചിട്ടുണ്ടെന്നും മറ്റ് അംഗീകാരങ്ങൾ ആവശ്യമില്ലാത്തതിനാൽ പദ്ധതി അംഗീകരിക്കുന്നുവെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ എൻ. വിജയൻ പിള്ള പ്രോജക്റ്റ് ഫോമിൽ രേഖപ്പെടുത്തിയിരുന്നു. പദ്ധതിയ്ക്ക് സാങ്കേതികാനുമതിയും ലഭ്യമാക്കി (TS No.104571/2018-19).

തുടർന്ന് 02.02.2019-ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും 16.02.2019-ൽ ടെണ്ടർ തുറക്കുകയും ചെയ്തു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (1328136.47) ശ്രീ എം. ചന്ദ്രബാബു, ശിവരാജ വിലാസം, കലഞ്ഞൂർ എന്ന വ്യക്തിയ്ക്ക് 05.03.2019-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് യാതൊരു തുടർനടപടികളും ഈ പദ്ധതിയിൽ ഉണ്ടായില്ല. സെലക്ഷൻ നോട്ടീസ് ലഭിച്ച കരാറുകാരൻ പിന്നീട് എഗ്രിമെന്റ് വച്ചിട്ടില്ല. സ്ഥലം ലഭ്യമല്ലാത്തതിനാൽ കരാർ വച്ചിട്ടില്ലായെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ വാക്കാൽ ഓഡിറ്റിനെ അറിയിച്ചിരുന്നു. പദ്ധതിയുടെ അവസാന സ്റ്റേജിൽ സ്ഥലം ലഭ്യമല്ല എന്ന ഗുരുതരമായ സ്ഥിതി ഉണ്ടായതു മൂലം വികസന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന 14 ലക്ഷം രൂപ ലാപ്സായത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വികലമായ പദ്ധതി ആസൂത്രണത്തിന് ബന്ധപ്പെട്ടവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 വൻ വില വ്യത്യാസത്തിൽ വാങ്ങൽ നടത്തി - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നം.49/19 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ സർവർ റൂമിലേക്ക് ഏയർ കണ്ടീഷണർ വാങ്ങുന്നതിന് തനത് ഫണ്ടിൽനിന്നും 50000 രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത് (പുളിമൂട്ടിൽ ഇലക്ട്രിക്കൽസ് - ₹48600, ARS ഇലക്ട്രിക്കൽസ് - ₹49600, കരിച്ചന്നൂർ ഏജൻസീസ് - ₹49000). ടെണ്ടർ ക്ഷണിക്കുന്നതിലും, ടെണ്ടർ അംഗീകരിക്കുന്നതിലും പ്രോക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. എയർ

കണ്ടീഷണറും, സ്റ്റബിലൈസറും ഉൾപ്പെടെ ആകെ 48600 രൂപ ക്വോട്ട് ചെയ്ത പുളിമൂട്ടിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽനിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഏയർ കണ്ടീഷണറിന് 45900 രൂപയും, സ്റ്റബിലൈസറിന് 2700 രൂപയുമാണ് വില നൽകിയിട്ടുള്ളത്. MITASHI ബ്രാന്റ് 1.5 ടൺ 3 സ്റ്റാർ ഏയർ കണ്ടീഷണറാണ് സ്ഥാപനം സപ്ലൈ ചെയ്തിട്ടുള്ളത്. പൊതു വിപണിയിൽ ഏറ്റവും വില കുറവുള്ള എയർ കണ്ടീഷണർ ബ്രാന്റാണിത്. MITASHI 1.5 3 Star AC-യ്ക്ക് നിലവിൽ 28785 രൂപ മാത്രമാണ് വിപണി വിലയുള്ളത് (കമ്പിനിയുടെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിലവിവരം ചുവടെ ചേർത്തിരിക്കുന്നത് കാണുക).


Mitashi Air Conditioners Price in India 2019 | Mitashi AC Price List 2019 16th July - Mozilla Firefox

https://www.mysmartprice.com/appliance/pricelist/mitashi-air-conditioner-price-list-in-india.htm

Mitashi Air Conditioners Price in India

| Best Mitashi Air Conditioners Models | Price |
|---|---|
| Mitashi MiSAC155INv35 1.5 Ton 5 Star Inverter Split Air Conditioner | ₹31990 |
| Mitashi MiSAC153v12 1.5 Ton 3 Star Split Air Conditioner | ₹28785 |
| Mitashi MiSAC153v01 1.5 Ton 3 Star Split Air Conditioner | ₹26835 |
| Mitashi MiSAC105INv35 1 Ton 5 Star Split Air Conditioner | ₹28999 |
| Mitashi MiSAC103INvXHD 1 Ton 3 Star Split Inverter Air Conditioner | ₹24999 |

Mitashi air conditioners purify the air from outside and give you fresh air to breathe and feel. They are available on online shopping portals like Amazon, Flipkart, Shopclues, Ebay, etc., at different prices. At MySmartPrice, you will get to know all the prices at one place and other information like specifications, reviews, etc., regarding the product. Browse through different products and make sure you purchase the best product for the lowest price available online. For this purpose, make use of our price aggregator tool that serves the purpose and helps you to locate a store that offers the best deal. Also, do not forget to check the discounts and offers available on various portals.

സാധനം സപ്ലൈ ചെയ്തിട്ടുള്ള പുളിമൂട്ടിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം എയർ കണ്ടീഷണറുകളുടെ അംഗീകൃത ഡീലറല്ല. അംഗീകൃത ഡീലറിൽനിന്നും വിപണിവിലയിൽ വാങ്ങൽ നടത്താതിരുന്നതിനാൽ പഞ്ചായത്തിന് കുറഞ്ഞത് 17500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം (ഖ.9.48) വാങ്ങൽ നടത്തുന്നതിനുമുമ്പ് ഏറ്റവും കുറഞ്ഞ നിരക്ക് ന്യായയുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ബാദ്ധ്യത നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. ഏറ്റവും കുറഞ്ഞ നിരക്ക് ന്യായമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട സപ്ലൈറുമായി നെഗോഷ്യേറ്റ് ചെയ്ത് ന്യായവിലയ്ക്ക് കുറച്ച് വാങ്ങുകയോ അല്ലാത്ത പക്ഷം പുനർദർഘാസ് ക്ഷണിക്കുകയോ വേണം. എന്നാൽ വിലയുടെ യുക്തി ഭദ്രത ഉറപ്പുവരുത്താതെയും പ്രോക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ സപ്ലൈ ചെയ്ത എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിന് 10 മീറ്ററോളം കോപ്പർ പൈപ്പ് ആവശ്യമായി വന്നിരുന്നുവെന്നും, ഇതിന് വിപണിയിൽ 10000 രൂപയ്ക്ക് അടുത്ത് വിലയുള്ളതായും, ഇൻസ്റ്റലേഷൻ ചാർജ്ജ് അടക്കമുള്ള തുകയാണ് സപ്ലൈയർക്ക് നൽകിയിട്ടുള്ളതെന്നും വിശദീകരിച്ചു. ഓഡിറ്റ് നടത്തിയ പരിശോധനയിൽ മറുപടി വസ്തുനിഷ്ഠമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പദ്ധതിയ്ക്ക് ചെലവഴിച്ച 48600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം നിജപ്പെടുത്തി ഉത്തരവാദിയായവരിൽനിന്നും ഈടാക്കുന്നതിന് ഭരണവകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-10 ഫാനും, കസേരയും വാങ്ങൽ - സാധനം പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിൽ ചേർക്കാതെ തുക

# നൽകി

പ്രോജക്ട് നമ്പർ – 108/19

പ്രോജക്ട് –പഞ്ചായത്ത് ഓഫീസിലേയ്ക്കും, നെടുമൺ കാവ് ഷോപ്പിംങ്ങ് കോപ്ലക്സിലേയ്ക്കും ഫാനും കസേരയും വാങ്ങൽ

അടങ്കൽ – 100000

ചെലവ് – 100000

നിർവഹണം – സെക്രട്ടറി

ഈ പദ്ധതിയ്ക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ഇല്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഓരോ പ്രോജക്ടും വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം. അംഗീകരിച്ച പ്രോജക്ടിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയുടെ നമ്പരും, തീയതിയുമായി കാണിച്ചിരിക്കുന്നത് (1(iii)/28.05.18) ഈ പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനമാണ്. ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയ്ക്ക് വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചതായി കാണുന്നു. അനുമതി നിഷേധിക്കാനുള്ള കാരണമോ, ആയത് പരിഹരിച്ചത് സംബന്ധിച്ച വിവരമോ ഫയലിൽ ലഭ്യമല്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതിയില്ലാതെ വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയത് ക്രമവിരുദ്ധമാണ്.

പദ്ധതിയുടെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് പുളിമൂട്ടിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽനിന്നും 100000 രൂപ ചെലവഴിച്ച് 16 വാൾ ഫാൻ (@2460), 6 സീലിംഗ് ഫാൻ (@1490), 102 പ്ലാസ്റ്റിക് ചെയർ (@350), 20 എക്സിക്യൂട്ടീവ് ചെയർ (@800) എന്നിവയാണ് വാങ്ങിയിട്ടുള്ളത്. സാധനം സപ്ലൈ ചെയ്തതിന് സ്ഥാപനം നിയമാനുസൃതമായ ബില്ല് ഹാജരാക്കിയിട്ടില്ല (GST നിയമപ്രകാരമുള്ളത്). ബില്ലിൽ ജി.എസ്.ടി. തുക കാണിച്ചിട്ടില്ല. നികുതി കോമ്പൗണ്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ബില്ലിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ ഫാനുകൾ എവിടെയെല്ലാം സ്ഥാപിച്ചു എന്നത് ഫയലിൽനിന്നും വ്യക്തമല്ല. ഇവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ ചെലവ് ചെയ്തിട്ടുള്ളതായും കണ്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഫാനുകൾ ജനപ്രതിനിധികളുടെ ഹാൾ, ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ദിവസ വേതനത്തിൽ സേവനം അനുഷ്ഠിച്ച ഇലക്ട്രീഷ്യൻ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചു. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വാങ്ങിയ 16 വാൾ ഫാനുകളിൽ 11 എണ്ണം മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടു. 20 പ്ലാസ്റ്റിക് എക്സിക്യൂട്ടീവ് ചെയറുകൾ വാങ്ങിയിട്ടുള്ളതിൽ 5 എണ്ണം മാത്രമാണ് സ്ഥാപനം സപ്ലൈ ചെയ്തിട്ടുള്ളത്. അവശേഷിച്ച 15 കസേരകൾക്കു പകരമായി പ്രസിഡന്റിന്റെ മുറിയിലേക്കാവശ്യമായ കുഷൻ ചെയറുകൾ സ്ഥാപനം വിതരണം ചെയ്തതായി ബന്ധപ്പെട്ടവർ വിശദീകരിച്ചു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 20 എക്സിക്യൂട്ടീവ് പ്ലാസ്റ്റിക് ചെയറുകളാണ് ചേർത്തിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഒരു വിധം രേഖപ്പെടുത്തൽ വരുത്തുകയും മറ്റ് വിധത്തിൽ സപ്ലൈറിൽനിന്നും സാധനം സ്വീകരിക്കുകയും ചെയ്തുവെന്ന വിശദീകരണം അംഗീകരിക്കാനാവില്ല (സ്ഥാപനം നൽകിയ ക്വട്ടേഷനിൽ കുഷൻ ചെയറുകളുടെ വില ക്വോട്ട് ചെയ്തിരുന്നില്ല). കൂടാതെ സപ്ലൈ ചെയ്ത കസേരകൾ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഉപയോഗപ്പെടുത്താതെ പഞ്ചായത്ത് ലൈബ്രറിയിൽ സപ്ലൈ സ്വീകരിച്ച നിലയിൽ തന്നെ അടുക്കി സൂക്ഷിച്ചിരിക്കുകയാണ്.

പൊതുപണം ചെലവഴിച്ച് വാങ്ങിയ സാധനങ്ങൾ ഉപയോഗപ്പെടുത്താതെ സൂക്ഷിക്കുന്നത് ആയത് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ദുർവിനിയോഗത്തിന് തുല്യമാണ്.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പദ്ധതിയ്ക്ക് ചെലവഴിച്ച 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം നിജപ്പെടുത്തി ഉത്തരവാദിയായവരിൽനിന്നും ഈടാക്കുന്നതിന് ഭരണവകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-11 എൽ.ഇ.ഡി. തെരുവ് വിളക്കിന് ഇൻസ്റ്റലേഷൻ ചാർജ്ജ് നൽകിയത് ക്രമപ്രകാരമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 130/19

പ്രോജക്ട് – എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ – 100000/-

ചെലവ് – 89999/-

നിർവഹണം – സെക്രട്ടറി

2017-18 വർഷം ഗ്രാമപഞ്ചായത്ത് വാങ്ങിയ 450 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽനിന്നും 100000 രൂപ വകയിരുത്തി ടി പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് (പ്രോ.നം.130/19). പ്രോജക്ടിന്റെ ഭാഗമായി 450 ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചതിന് ലൈറ്റ് ഒന്നിന് 200 രൂപ ക്രമത്തിൽ 89999രൂപ RPC&Co., പുനലൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തി ടി സ്ഥാപനത്തെ ഏൽപ്പിച്ചതും, ലൈറ്റ് ഒന്നിന് 200 രൂപ നിരക്ക് അനുവദിച്ചതും എന്ത് അടിസ്ഥാനത്തിലാണെന്ന് ഫയലിൽനിന്നും വ്യക്തമല്ല. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയ്ക്ക് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതായോ, കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച സ്ഥാപനത്തിന്റെ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചതായോ രേഖയില്ല. ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിൽ തുക ഒടുക്കിയിരിക്കുന്നത് പഞ്ചായത്ത് നേരിട്ടാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം., തീ. | ഒടുക്കിയ തുക | ലൈറ്റുകളുടെ എണ്ണം | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|---|
| 155/16.12.17 | 4232 | 129 | കലഞ്ഞൂർ |
| 222/23.01.18 | 685 | 37 | പത്തനാപുരം |
| 301/16.03.18 | 5282 | 190 | കലഞ്ഞൂർ |
| **ആകെ** | **10199** | **356** | |

ആകെ വാങ്ങിയ 450 ലൈറ്റുകളിൽ അവശേഷിച്ച 94 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയിട്ടുള്ളതായി രേഖയില്ല. 356 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് എടുത്ത് സൂപ്പർവിഷൻ ചാർജ്ജ് കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളിൽനിന്നും ലഭ്യമാക്കിയിട്ടില്ല. ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ളതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ടി സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. (2018-19-ലെ വാർഷിക പദ്ധതിയിൽ പുതിയ പ്രോജക്ടായാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചുവേണമായിരുന്നു പദ്ധതി നടപ്പിലാക്കാൻ. നടപടി ക്രമങ്ങൾ പാലിച്ചും, സുതാര്യമായുമല്ല പ്രവൃത്തി നടത്തിയിട്ടുള്ളത് ).

കൂടാതെ തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി പറയുന്ന കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഇലക്ട്രീഷ്യനും, ഹെൽപ്പറും ജോലി ചെയ്യുന്നുണ്ടായിരുന്നു (ഇലക്ട്രീഷ്യൻ ശ്രീ. ബിജു ആർ., ഹെൽപ്പർ ശ്രീ. അബ്ദുൾ ബുഖാരി). ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് ഇവരുടെ സേവനം ലഭ്യമാക്കാമെന്നിരിക്കെയാണ് സുതാര്യമല്ലാത്ത നടപടിയിലൂടെ RPC&Co. എന്ന സ്ഥാപനത്തിനെ പ്രവൃത്തി ഏൽപ്പിച്ചതും, പ്രതിഫലം നൽകിയതും. അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പദ്ധതിയ്ക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 ആയുർവേദാശുപത്രിയ്ക്ക് സോളാർ പാനലിംഗ് - പദ്ധതി നിർവ്വഹണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് നം. | 38 |
| അടങ്കൽ | 10,00,000 |
| ചെലവ് | 9,90,000 |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കലഞ്ഞൂർ ആയുർവേദാശുപത്രിയിലേക്ക് 3KW ഓഫ് ഗ്രിഡും 6 KW ഓൺ ഗ്രിഡും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 990000 രൂപ 11.03.2019-ൽ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് (പ്രോ.നം.38/19). അനെർട്ടുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് 6 മാസത്തിനകം പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നൽകേണ്ടതാണ്. ഓഡിറ്റ് തീയതിവരെ (14.07.2019) പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

ഒരു കിലോവാട്ട് പ്ലാന്റിൽനിന്നും പ്രതിദിനം ഏകദേശം 3 മുതൽ 3.5 യൂണിറ്റ് വൈദ്യുതി ലഭ്യമാകുന്നതാണ്. ആയത് പ്രകാരം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 9kw പ്ലാന്റിൽനിന്നും ഏകദേശം 27 മുതൽ 31.5 യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്. ആയുർവേദാശുപത്രിയിലേക്ക് പ്രതിദിനം എത്ര

യൂണിറ്റ് വൈദ്യുതി ആവശ്യമായി വരുമെന്ന് കണക്കാക്കാതെയാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടാതെ 6Kw ഓൺഗ്രിഡ് പ്ലാന്റ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി-യുടെ വൈദ്യുത പ്രസരണിയിലേക്ക് നൽകുന്നതിനുവേണ്ടി കെ.എസ്.ഇ.ബി-യുമായി കരാറിലേർപ്പെടുന്നത് ഉൾപ്പടെയുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് കേന്ദ്ര നവ നവീന ഊർജ്ജ മന്ത്രാലയം പ്രോജക്ട് കോസ്റ്റിന്റെ 30% സബ്സിഡി നൽകുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന് 297000 രൂപ സബ്സിഡി ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും സബ്സിഡി ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഒന്നുംതന്നെ അനെർട്ടുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

മേൽ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-13 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് (പ്രോജക്ട് നം.2/19) – സുതാര്യമല്ലാത്ത ചെലവുകൾ

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
വകയിരുത്തിയ തുക – 2,50,000 (വികസന ഫണ്ട് പൊതു വിഭാഗം)

ടി പ്രോജക്ടിന്റെ ഭാഗമായി അച്ചടി ജോലികൾ നടത്തിയ ഇനത്തിൽ ചെലവ് നടത്തിയിട്ടുള്ളത് സുതാര്യതയില്ലാതെയാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷാ ഫാറങ്ങളുടെ അച്ചടി (ട്രഷറി ബിൽ തീ. 16.06.18 – തുക 99500</u>)

2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭയിൽ വിതരണം ചെയ്യുന്നതിന് അപേക്ഷാ ഫാറങ്ങൾ അച്ചടിച്ച വകയിൽ 99500 രൂപ ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ക്വട്ടേഷൻ ക്ഷണിച്ചതിൽ 3 ക്വട്ടേഷനുകളാണ് ലഭിച്ചിട്ടുള്ളത്. 14 പേജ് ഉള്ള ഒരു ബുക്കിന് 9.95 രൂപ നിരക്ക് ക്വോട്ട് ചെയ്ത ഹരിശ്രീ പ്രിന്റേഴ്സ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 25000 രൂപ മുതൽ 100000 രൂപവരെ അടങ്കലുള്ള സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് ലിമിറ്റഡ് ടെണ്ടറിംഗ് രീതിയാണ് അവലംബിക്കേണ്ടത്. നിശ്ചിത സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക പഞ്ചായത്ത് തയ്യാറാക്കണം. ക്വട്ടേഷനുകൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപങ്ങൾക്ക് അയച്ചുകൊടുക്കണം. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് കുറഞ്ഞത് 14 ദിവസം അനുവദിക്കണം. കുറഞ്ഞത് 5, എന്നാൽ 8-10 ഏജൻസികളിൽ നിന്നെങ്കിലും പ്രതികരണം ലഭിച്ചുവെന്ന് ഉറപ്പുവരുത്തണം. നിശ്ചിത തീയതിയിലും, സമയത്തും ടെണ്ടറുകൾ നൽകിയവരുടെയും, ഒരു സോഷ്യ ഓഡിറ്റ് ടീം അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ പരസ്യമായി വേണം ടെണ്ടറുകൾ തുറക്കാൻ. വിശദാംശങ്ങൾ അടങ്ങിയ പർച്ചേസ് ഓർഡർ നൽകേണ്ടതും അതിന്റെ പകർപ്പ് 7 ദിവസത്തേക്ക് നോട്ടീസ് ബോർഡിൽ ഇടുകയും വേണം.
എന്നാൽ ടി നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെയാണ് പ്രവൃത്തിക്ക് കരാർ നൽകിയിട്ടുള്ളത്.

ലിമിറ്റഡ് ടെണ്ടറിനു പകരം ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസ് തീയതി 17.04.18 ആണ്. 21.04.18-ൽ 3 ക്വട്ടേഷനുകൾ സ്വീകരിക്കുകയും, 28.04.18-ൽ സ്ഥാപനം പ്രവൃത്തി നടത്തി ബിൽ സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. ക്വട്ടേഷൻ നോട്ടീസിന് വ്യാപകമായ പ്രചരണം നൽകിയിട്ടില്ല. മുദ്രവച്ച കവറിലല്ല ക്വട്ടേഷൻ സ്വീകരിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്യുകയോ, പഞ്ചായത്ത് കമ്മിറ്റി ക്വട്ടേഷൻ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

പ്രിന്റ് ചെയ്ത് ലഭിച്ച അപേക്ഷാ ഫാറങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും, വിതരണ വിവരം ഇല്ല. 2018-19 പദ്ധതി കാലയളവിലേക്ക് മാത്രമായി ഉപയോഗിക്കാവുന്ന അപേക്ഷ ഫാറങ്ങൾ 10000 എണ്ണം പ്രിന്റ് ചെയ്തതും യുക്തിഹീനമാണ്. പഞ്ചായത്ത് പരിധിയിലുള്ള ആകെ കുടുംബങ്ങളുടെ എണ്ണം 11386 ആയിരിക്കെ 99500 രൂപ ചെലവഴിച്ച് 10000 അപേക്ഷാ ഫാറങ്ങൾ പ്രിന്റ് ചെയ്തത് പൊതു പണത്തിന്റെ ധൂർത്തും, ദുർവിനിയോഗവുമാണ്.

2. <u>ഗുണഭോക്തൃ ലിസ്റ്റിന്റെ അച്ചടി (ട്രഷറി ബിൽ തീ. 14.08.18 – തുക 34000)</u>

2018-19-ലെ ഗുണഭോക്തൃ ലിസ്റ്റ് പ്രിന്റ് ചെയ്ത വകയിൽ ഹരിശ്രീ പ്രിന്റേഴ്സ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിന് 29800 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചല്ല പ്രവൃത്തി നടത്തിയിട്ടുള്ളത്. തീയതി രേഖപ്പെടുത്താത്ത ഒരു ക്യാഷ് ബില്ലിന്റെ (നം.251) അടിസ്ഥാനത്തിൽ മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ബില്ലിൽ പ്രിന്റ് ചെയ്ത ലിസ്റ്റിന്റെ എണ്ണം, നിരക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റുകൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഫണ്ട് പണം ചെലവഴിക്കുമ്പോൾ സുതാര്യതയും, അക്കൗണ്ടബിലിറ്റിയും പുലർത്തുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മേൽനടപടികൾക്കായി വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-14 അനുവദനീയമായതിൽ അധികം വക്കീൽ ഫീസ് നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.02.16-ലെ സ.ഉ.(എം.എസ്.)നം.36/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് കേസ് ഒന്നിന് നൽകാവുന്ന പരമാവധി വക്കീൽ ഫീസ് 3000 രൂപയിൽനിന്നും 15000 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 15000 മുതൽ 50000 രൂപ വരെ പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയോടെ ചെലവഴിക്കാവുന്നതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ ഹൈക്കോടതിയിൽ പഞ്ചായത്തിന്റെ കേസ് നടത്തുന്നതിന് അഡ്വ. ഷാജിക്ക് 18000 രൂപ നിരക്കിൽ വക്കീൽ ഫീസ് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം | വൗച്ചർ നം., തീ. | തുക | അധികം നൽകിയ തുക |
|---|---|---|---|
| 1 | 51800660<br>24.09.18 | 18000 | 3000 |
| 2 | 51800661<br>24.09.18 | 18000 | 3000 |

| | | | |
|---|---|---|---|
| 3 | 51801267<br>05.03.19 | 18000 | 3000 |
| | ആകെ | | 9000 |

വക്കീൽ ഫീസ് ഇനത്തിൽ അനുവദനീയമായതിൽ അധികം നൽകിയ 9000 രൂപ ചെലവ് നടത്തിയ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-15 തേൻ സംസ്ക്കരണ യൂണിറ്റ് നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയില്ല

2017-18 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 250000 രൂപ വില വരുന്ന ഉപകരണങ്ങൾ വാങ്ങിയിരുന്നു (പ്രോജക്ട് നം.270/18). യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കുകയോ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്യാതെ ഉപകരണങ്ങൾ വാങ്ങിയത് 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശ വിധേയമാകുകയും ചെലവു തുകകയായ 250000/- രൂപ തടസ്സത്തിൽ വയ്ക്കുകയും ചെയ്തിരുന്നു. തുടർ പദ്ധതിയായി 2018-19 വർഷം 120000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. യൂണിറ്റ് നാളിതുവരെയും പ്രവർത്തന സജ്ജമാക്കിയിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ അതേ അവസ്ഥയിൽ സൂക്ഷിച്ചിരിക്കുകയാണ്. യൂണിറ്റ് പ്രവർത്തന സജ്ജമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ((14/17.07.19), തേൻ സംസ്കരണ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും (രജി.നം.RT/16/9/5) കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള താമസം മൂലമാണ് യൂണിറ്റ് ആരംഭിക്കാൻ കഴിയാതിരുന്നതെന്നും നിലവിലെ കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉടൻ തന്നെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതാണെന്നും വൈദ്യുതി ലഭിച്ചാലുടൻ തന്നെ പഞ്ചായത്തിന്റെ തനത്ഫണ്ട് വിനിയോഗിച്ച് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. യൂണിറ്റ് പ്രവർത്തനക്ഷമമാക്കി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതിയും നിലവിലെ കൃഷി ഓഫീസറും സ്വീകരിക്കേണ്ടതാണ്. ആയതിൽ വീഴ്ച്ച വരുത്തുന്നപക്ഷം പദ്ധതിയ്ക്കായി ചെലവഴിച്ച തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-16 വെറ്റില കൃഷി വികസനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| പ്രോജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| S0020/19 | 300000<br>(വികസന ഫണ്ട്) | 277500 |

വെറ്റില കൃഷി വികസനം ലക്ഷ്യമിട്ട് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്ക്കരിച്ച നടപ്പിലാക്കിയിരുന്നു. വികസന ഫണ്ടിൽ നിന്നും 300000 വകയിരുത്തിയും 100000 ലക്ഷം രൂപ ഗുണഭോക്താക്കൾ നേരിട്ട ചെലവഴിക്കുന്ന രീതിയിലുമാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ഒരു സെന്റ് സ്ഥലം(100 വെറ്റില കൊടികൾ) ഒരു യൂണിറ്റായി കണക്കാക്കി യൂണിറ്റിന് 750 രൂപ വീതം ജൈവവളത്തിന് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**a)** ആനുകൂല്യത്തിനായി സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും ആകെ കൃഷി ഭൂമിയുടെ വിവരങ്ങൾ, സബ്സിഡി ആനുകൂല്യത്തിന് അപേക്ഷിക്കുന്ന കാർഷികവിളയുടെ വിസ്തൃതി/എണ്ണം, കൃഷി ചെലവുകളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

**b)** അപേക്ഷയിലുള്ള കൃഷി അസിസ്റ്റന്റിന്റെ പരിശോധന റിപ്പോർട്ട്, കൃഷി ഓഫീസറുടെ വാല്യുവേഷൻ റിപ്പോർട്ട് എന്നിവയിൽ അപേക്ഷകൻ എത്ര വിസ്തൃതിയിൽ/എണ്ണത്തിൽ പ്രസ്തുത വിള കൃഷി ചെയ്യുന്നുവെന്നോ, ആനുകൂല്യം കണക്കാക്കിയത് എപ്രകാരമാണെന്നോ ഉള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം അർഹതപ്പെട്ട ആനുകൂല്യങ്ങൾ തന്നെയാണോ എല്ലാ ഗുണഭോക്താക്കൾക്കും അനുവദിക്കപ്പെട്ടതെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**c)** ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ അവർ കൃഷി ചെയ്തിട്ടുള്ള വെറ്റിലക്കൊടികളുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്നു. എന്നാൽ അപേക്ഷയിൽ രേഖപ്പെടുത്തിയതിൽ കൂടുതൽ എണ്ണം വെറ്റിലക്കൊടികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര് | അപേക്ഷയിലെ വെറ്റില കൊടികളുടെ എണ്ണം | സബ്സിഡി അനുവദിച്ചത് |
|---|---|---|---|
| 1 | ഗോപാലകൃഷ്ണൻ നായർ, പെരുമ്പലത്തു കിഴക്കേതിൽ, കൂടൽ | 100മൂട് (1യൂണിറ്റ്) | 500 മൂട് (5 യൂണിറ്റ്) |
| 2 | ഉഷ, സന്തോഷ് ഭവനം, അതിരുങ്കൽ പി.ഒ | 500മൂട് (5യൂണിറ്റ്) | 800 മൂട് (8 യൂണിറ്റ്) |
| 3 | കനകമ്മ പ്രസന്നൻ, അശ്വതി ഭവൻ, അതിരുങ്കൽ പി.ഒ | 300മൂട് (3യൂണിറ്റ്) | 700 മൂട് (7 യൂണിറ്റ്) |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/17.07.19), ഡിപ്പാർട്ട്മെന്റ് സ്കീമുകളുൾപ്പെടെയുള്ള പദ്ധതികളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട തിരക്കുമൂലം പരിശോധനാ റിപ്പോർട്ടുകൾ വ്യക്തമായി രേഖപ്പെടുത്താൻ കഴിയാതെ പോയെന്നും സ്ഥല പരിശോധന നടത്തിയപ്പോൾ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടതിനാലാണ് മുകളിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് കൂടുതൽ എണ്ണം വെറ്റിലക്കൊടികൾക്ക് ആനുകൂല്യം നൽകിയതെന്നും നിർവ്വഹണ ഉദ്യാഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി.വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. കാർഷിക

പദ്ധതികളിൽ ആനുകൂല്യങ്ങൾ നൽകുമ്പോൾ ഫീൽഡ് പരിശോധന നടത്തി കൃത്യമായ പരിശോധന റിപ്പോർട്ട് അപേക്ഷകളിൽ രേഖപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അർഹമായ ആനുകൂല്യം സുതാര്യമായി ഗുണഭോക്താക്കൾക്ക് വിതരണം നടത്തുവാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

## 3-17 മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

2018-19 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന വാങ്ങുന്നതിനായി സർക്കാർ ഏജൻസികളിൽ പണം മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പ്രോജക്ടിന്റെയും പേര് | പണം അടവാക്കിയ ഏജൻസി/ സ്ഥാപനം | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വിവരം | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)<br>പാലിയേറ്റീവ് കെയർ പദ്ധതി<br>(പ്രോജക്ട് നം.S0017/19) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | 299500 | - | 299500 |
| 2 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)<br>പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ<br>(പ്രോജക്ട് നം.S0018/19) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | 450000 | - | 450000 |
| 3 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)<br>ഗവ.ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ<br>(പ്രോജക്ട് നം.S0061/19) | ഔഷധി | 300000 | 291500 | 8500 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>ഹോമിയോ ഡിസ്പൻസറിയിയ്ക്ക് മരുന്ന വാങ്ങൽ<br>(പ്രോജക്ട് നം.5/19) | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 200000 | - | 200000 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 യോഗ പരിശീലനം-പദ്ധതി നടത്തിപ്പിൽ

# സുതാര്യതയില്ല

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം രണ്ട് യോഗ പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഒന്ന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനും മറ്റൊന്ന് എല്ലാ വിഭാഗം ജനങ്ങൾക്കും വേണ്ടിയുള്ള സമഗ്രയോഗാ പരിശീലന പദ്ധതിയുമായിരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ.നം.</th><th>പ്രോജക്റ്റിന്റെ പേരും നമ്പരും</th><th colspan="2">വകയിരുത്തിയ തുക</th><th colspan="2">ചെലവഴിച്ച തുക</th></tr>
<tr><td rowspan="10">1</td><td rowspan="10">സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം<br>S0101/19</td><td rowspan="2">വികസന ഫണ്ട്</td><td rowspan="2">200000</td><td>ബിൽ നം.7/11.01.19</td><td>36000</td></tr>
<tr><td>ബിൽ നം.9/19.03.19</td><td>149600</td></tr>
<tr><td rowspan="2">തനത് ഫണ്ട്</td><td rowspan="2">200000</td><td>ചെക്ക് നം.2725449/21.08.18</td><td>36000</td></tr>
<tr><td>ചെക്ക് നം.2725472/11.10.18</td><td>72000</td></tr>
<tr><td></td><td></td><td>ചെക്ക് നം.2725493/26.11.18</td><td>36000</td></tr>
<tr><td></td><td></td><td>ചെക്ക് നം.2178188/26.12.18</td><td>36000</td></tr>
<tr><td></td><td></td><td>ചെക്ക് നം.2247923/26.02.19</td><td>18000</td></tr>
<tr><td>ആകെ</td><td>400000</td><td>ആകെ</td><td>383600</td></tr>
<tr><td rowspan="6">2</td><td rowspan="6">സമഗ്ര യോഗപരിശീലനം<br>S0105/19</td><td colspan="2" rowspan="6">200000/-<br>(വികസന ഫണ്ട്)</td><td>ബിൽ നം.3/15.10.18</td><td>36000</td></tr>
<tr><td>ബിൽ നം.4/12.12.18</td><td>36000</td></tr>
<tr><td>ബിൽ നം.5/31.12.18</td><td>36000</td></tr>
<tr><td>ബിൽ നം.6/11.01.19</td><td>36000</td></tr>
<tr><td>ബിൽ നം.8/07.02.19</td><td>36000</td></tr>
<tr><td>ആകെ</td><td>180000</td></tr>
</table>

പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

**(a)** അംഗീകൃത സർവ്വകലാശാലയിൽ നിന്നും BNYS ബിരുദമോ തത്തുല്യ യോഗ്യതയോ ഉള്ളവരെയോ യോഗ അസോസിയേഷൻ/സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലക യോഗ്യതയുള്ളവരെയോ യോഗ പരിശീലകരായി നിയമിക്കാവുന്നതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ യോഗ പരിശീലകരായി പഞ്ചായത്ത് നിശ്ചയിച്ച ശ്രീ.നവാസ്, ശ്രീ.ഷാജി, ശ്രീമതി.ഷീലാകുമാരി എന്നിവർക്ക് സ്പോർട്സ് യോഗയിലുള്ള 6-മാസത്തെ ഡിപ്ലോമ മാത്രമാണ് ആകെയുള്ള യോഗ്യത.

**(b)** യോഗ പരിശീലനത്തിന്റെ ഭാഗമായി 400-സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങി നൽകുന്നതിന് 149600/- രൂപ ചെലവഴിച്ചിട്ടുണ്ട്. സീ ബ്ലൂ സ്പോർട്സ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പ് വരുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെൻഡർ നിർബന്ധമാണെങ്കിലും ആയതു പാലിക്കാതെ ക്വട്ടേഷൻ മുഖേനയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ടീ-ഷർട്ട് മാത്രം വാങ്ങുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചതെങ്കിലും പിന്നീട് ജേഴ്സിയും ലോവർ പാന്റും വാങ്ങുകയും വിതരണം നടത്തുകയും ചെയ്തു. 2018 ജൂലൈ മുതൽ 2019ജനുവരി വരെയുള്ള മാസങ്ങളിലാണ് കുട്ടികൾക്കുള്ള യോഗ പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത് എന്നാൽ യോഗ പരിശീലനത്തിനുള്ള യൂണിഫോം വിതരണം

നടത്തിയിട്ടുള്ളത് 2019 ജൂൺ 21-ാം തീയതി മാത്രമാണ്. ആയതിൽ നിന്നും പരിശീലന കാലയളവിൽ യൂണിഫോം ഉപയോഗിച്ചിട്ടില്ല എന്നു വ്യക്തമാണ്. പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം, സ്പോർട്സ് ജഴ്സി എന്നിവ ഒഴികെയുള്ള വസ്ത്രങ്ങൾക്കും യൂണിഫോമുകൾക്കും സബ്സിഡി അനുവദിക്കുവാൻ പാടില്ലായെന്ന് സ.ഉ.(കൈ)നം.22/2018/ തസ്വഭവ തീ:14.02.18 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

**(c)** യോഗ പരിശീലകരായി നിയമിക്കപ്പെടുന്നവർക്ക് ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12000 രൂപ അനുവദിക്കാൻ സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള യോഗാ പരിശീലന പദ്ധതി 2018 ജൂലൈ മുതൽ 2019 ജനുവരി വരെയും സമഗ്ര യോഗാ പരിശീലന പദ്ധതി 2018 സെപ്റ്റംബർ മുതൽ 2019 ജനുവരി വരെയുമാണ് നടന്നിട്ടുള്ളത്. 2018 സെപ്റ്റംബർ മുതൽ 2019 ഡിസംബർ വരെയുള്ള മാസങ്ങളിൽ യോഗ പരിശീലകർക്ക് രണ്ടു പദ്ധതികളിൽ നിന്നും 12000 രൂപ വീതം ആകെ 24000 രൂപ വീതവും ജനുവരി മാസത്തിൽ ഇരു പദ്ധതികളിൽ നിന്നുമായി 18000 (12000+6000) രൂപയും പ്രതിഫലം അനുവദിച്ചിട്ടുണ്ട്. യോഗപരിശീലകർക്ക് പ്രതിഫലം നൽകുന്നതിന് ഇരു പദ്ധതികളിൽ നിന്നുമായി 414000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2018 ജൂലൈ മുതൽ 2019 ജനുവരി വരെയുള്ള 7 മാസ കാലയളവിലാണ് യോഗപരിശീലനം നടത്തിയിട്ടുള്ളത്. ടി കാലയളവിലേക്ക് മൂന്ന് പരിശീലകർക്ക് പ്രതിഫലമായി അനുവദിക്കാവുന്നത് 252000 (12000x3x7) രൂപ മാത്രമാണ്. പ്രതിഫലം നൽകുന്നതിനായി ടി കാലയളവിൽ ഇരു പദ്ധതികളിൽ നിന്നുമായി 162000 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

**(d)** സമഗ്ര യോഗ പദ്ധതിയിൽ നിന്നും 180000 രൂപയും സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യോഗപരിശീലന പദ്ധതിയിൽ നിന്നും 234000 രൂപയും ഉൾപ്പെടെ 414000 രൂപ യോഗ പരീശീലകർക്ക് പ്രതിഫലം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എതൊക്കെ സ്ഥലങ്ങളിൽ വെച്ച് എത്ര പരിശീലന സെഷനുകൾ നടത്തി, ഏതൊക്കെ അദ്ധ്യാപകരാണ് പ്രസ്തുത സെഷനുകളിൽ പരിശീലനം നൽകിയത്, എത്ര ആളുകൾ പങ്കെടുത്തു എന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൃത്യമായ മസ്റ്റർ റോൾ, സ്കൂൾ മേധാവി/ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ അറ്റൻഡൻസ് രേഖകൾ എന്നിവയുടെ അഭാവത്തിലാണ് പരിശീലകർക്ക് പ്രതിഫലം അനുവദിച്ചിട്ടുള്ളത്. മാസത്തിലെ എല്ലാ ദിവസങ്ങളിലും പരിശീലനം നൽകിയതായി കാണിച്ച് ഇരു പദ്ധതികളിൽ നിന്നും പരമാവധി പ്രതിഫല തുകയായ 12000 രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടൽ ഗവ.ഹൈസ്കൂൾ, കലഞ്ഞൂർ ഗവ.ഹൈസ്കൂൾ എന്നിവിടങ്ങളിൽ ക്ലാസ്സുകൾ നടത്തിയതിന്റെ അറ്റൻഡൻസ് ഹാജരാക്കിയിട്ടുണ്ട്. ഓണം, ക്രിസ്സ്മസ് അവധി ദിവസങ്ങളും എല്ലാ പൊതു അവധി ദിവസങ്ങളും ഉൾപ്പെടെ മാസത്തിലെ എല്ലാ ദിവസവും കുട്ടികൾക്കായി യോഗ പരീശീലനം നൽകിയതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കലഞ്ഞൂർ ഗവ.ഹൈസ്കൂളിലെ രജിസ്റ്ററിൽ ആദ്യം കൃത്യമായി ദിവസങ്ങൾ രേഖപ്പെടുത്തുകയും പരമാവധി പ്രതിഫലം കൈപ്പറ്റുന്നതിനായി പിന്നീട് രജിസറ്ററിൽ തിരുത്തൽ വരുത്തുകയും ചെയ്തു. പ്രളയത്തെ തുടർന്ന് കൂടൽ ഗവ.ഹൈസ്കൂളിൽ ആഗസ്റ്റ് മാസം 17 ദിവസവും സെപ്റ്റംബർ മാസം 7 ദിവസവും പരിശീലനം നടന്നിട്ടില്ലായെന്ന് രജിസറ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നടന്ന സെഷനുകളുടെ എണ്ണം പരിഗണിക്കാതെ 12000 രൂപ പ്രതിഫലം അനുവദിച്ചു നല്കിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/17.07.19) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. യോഗപരിശീലന പദ്ധതികളുടെ നിർവ്വഹണത്തിൽ പഞ്ചാത്ത് ഭരണസമിതിയുടെയും ബന്ധപ്പെട്ട

വർക്കിംഗ് ഗ്രൂപ്പിന്റേയും കാര്യക്ഷമമായ ഇടപെടലും നിരീക്ഷണവും ഉണ്ടായിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ഉള്ളതിനാൽ ഇരു പദ്ധതികളുടെയും ആകെ ചെലവു തുകയായ 563600 രൂപ തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 3-19 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളില്ല – ലഭ്യമായ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 29 അങ്കണവാടികളാണുള്ളത്. ഇവയിൽ 17 അങ്കണവാടികൾക്കുമാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 10 എണ്ണം വാടക കെട്ടിടത്തിലും, 2 എണ്ണം വാടകയില്ലാത്ത കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. അഞ്ച് അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായതിൽ 4 എണ്ണത്തിനുമാത്രമാണ് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുള്ളത്. 3 എണ്ണത്തിന് സ്ഥലവും കെട്ടിടവുമില്ല. 70-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടമുണ്ടെങ്കിലും ഫിറ്റ്നസ് ലഭിക്കാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടോയ് ലറ്റ് സൗകര്യം 17 എണ്ണത്തിനും, ജലലഭ്യതയുള്ളത് 16 എണ്ണത്തിനും മാത്രമാണ്. 30-ൽ അധികം കുട്ടികൾ പഠിക്കുന്ന 69-ാം നമ്പർ അങ്കണവാടിയിൽപോലും കുടിവെള്ള ലഭ്യതയില്ല. 17 അങ്കണവാടികൾക്കുമാത്രമേ ചുറ്റുമതിൽ ഉള്ളൂ, 5 എണ്ണത്തിൽ മാത്രമേ ശിശു സൗഹൃത ടോയ് ലറ്റ് ഉള്ളൂ.

13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും, സ്ഥലവും ലഭ്യമാക്കുമെന്ന നിശ്ചയദാർഢ്യത്തോട് പ്രവർത്തിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും, ഭൗതിക സൗകര്യങ്ങളും ഒരുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് കേന്ദ്രവിഹിതം ഇനത്തിൽ ലഭിച്ച ഫണ്ടിൽ 939119 രൂപ വർഷാന്ത്യത്തിൽ ചെലവഴിക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 03.09.2010-ലെ 39033/ഡി.സി.2/10/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഉത്തരവ് പ്രകാരം കേന്ദ്ര വിഹിതത്തിലെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സ്വന്തമായ കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ ഇവ വാങ്ങുന്നതിനും വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഗണ്യമായ ഫണ്ട് ഈ ഇനത്തിൽ ലഭ്യമായിരുന്നിട്ടും ആയത് അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് വിനിയോഗിക്കാതിരുന്നത് വീഴ്ചയാണ്. കേന്ദ്രവിഹിതം ഇനത്തിൽ തനത് ഫണ്ടിൽ അവശേഷിക്കുന്ന ഫണ്ട് പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാതെ സർക്കാർ നിർദ്ദേശാനുസരണം ഫലപ്രദമായി വിനിയോഗിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 അങ്കണവാടികൾക്ക് എൽ.പി.ജി. സിലിണ്ടർ -

## സബ്സിഡി തുക നഷ്ടപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 29 അങ്കണവാടികൾക്ക് എൽ.പി.ജി സിലിണ്ടർ അനുവദിച്ചിട്ടുള്ളത് Non Domestic Excempted Category എന്ന വിഭാഗത്തിലാണ്. ജോൺസൺ ഗ്യാസ് ഏജൻസി, പത്തനാപുരം എന്ന സ്ഥാപനത്തിൽ നിന്നുമാണ് പഞ്ചായത്തിലെ വിവിധ അങ്കണവാടികൾക്ക് ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്നത്. ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന 14.2kg സിലിണ്ടറാണ് വിതരണം ചെയ്യുന്നത്. NDEC വിഭാഗത്തിൽപ്പെട്ടവരെയും ഗാർഹിക ഉപഭോക്താക്കളായി കണക്കാക്കാവുന്നതാണെന്നും ഗാർഹിക ഉപഭോക്താക്കളുടെ നിരക്കിൽ സബ്സിഡിക്ക് അർഹതയുണ്ടെന്നും പെട്രോളിയം & പ്രകൃതി വാതക മന്ത്രാലയത്തിന്റെ 05.02.2013ലെ P-17018/7/2012-LPG സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അർഹമായ സബ്സിഡി നേടിയെടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ യാതൊരു നടപടിയും സ്വീകരിക്കാത്തതു മൂലം ഗ്യാസ് സിലിണ്ടറുകൾ വാങ്ങുന്നതിന് വിപണിവില നൽകേണ്ടി വരികയും സബ്സിഡി ഇനത്തിൽ ലഭിക്കേണ്ട തുകകൾ നഷ്ടമാവുകയും ചെയ്തു. അങ്കണവാടികൾക്ക് വിതരണം നടത്തുന്ന ഗ്യാസ് സിലിണ്ടറുകൾക്ക് അർഹമായ സബ്സിഡി നേടിയെടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-21 കായിക വികസന പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

| പ്രോജക്ട് നം. | വകയിരുത്തിയ തുക | ചിലവഴിച്ച തുക |
|---|---|---|
| S0112/19 | 100000<br>(വികസന ഫണ്ട്- 50000,<br>തനത് ഫണ്ട്- 50000) | 99999/-<br>(ബിൽ നം.3/18-19 തീ:19.03.19- 50000/-<br>ചെക്ക് നം.2247942/13.03.19- 49999/-) |

കായിക വികസനം ലക്ഷ്യമിട്ട്, സെലക്ഷൻ ക്യാമ്പ് നടത്തി കായികതാരങ്ങളെ തിരഞ്ഞെടുത്ത് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള പരിശീലകരെക്കൊണ്ട് പരിശീലനം നൽകുന്നതിനും കായികതാരങ്ങൾക്ക് ജേഴ്സി,ട്രാക്ക് സ്യൂട്ട്, സ്പോർട്സ് ഉപകരണങ്ങൾ ലഘുഭക്ഷണം എന്നിവ നൽകുന്നതിനുമായി ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 100000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ ഭാഗമായി കിക്കോ സ്പോർട്സ്, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും 99999/- രൂപയുടെ കായിക ഉപകരണങ്ങൾ വാങ്ങുകയും കോച്ചുമാരായ ശ്രീ.തോമസ്സ് പി.ജെ, ശ്രീ.സൈനുദ്ദീൻ, ശ്രീ.വിനോദ് എന്നിവർക്ക് കൈമാറുകയും ചെയ്തിട്ടുള്ളതായുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി.ആളുകളെ കായിക പരിശീലകരായി നിയമിച്ചതിന്റെ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. സ്പോർട്സ് കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യത ഉള്ളവരാണോയെന്നും വ്യക്തമല്ല. ഉപകരണങ്ങൾ വാങ്ങി നൽകിയതല്ലാതെ പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ കൈവരിക്കപ്പെട്ടിട്ടില്ല. കായിക വികസന പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങളുടെ ഉടമസ്ഥത നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിലനിർത്തുന്നതിനും ഉപകരണങ്ങൾ നശിപ്പിക്കപ്പെട്ടും അന്യാധീനപ്പെട്ടും പോകാതെ കാര്യക്ഷമമമായി ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ നിർവ്വഹണ ഉദ്യാഗസ്ഥൻ സ്വീകരിച്ചിട്ടില്ല. .

തദ്ദേശഭരണ സ്ഥാപനത്തിലെ യുവജന ക്ലബുകളിൽ നിന്നും വരുന്ന വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ്, കബഡി എന്നീ ഇനങ്ങളും കൂടാതെ മറ്റേതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിലെ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതാണെന്നും ആയതിനു വേണ്ടി പ്രൊഫഷണൽ യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തി ഓരോ ഇനങ്ങൾക്കും സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഓരോയിനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപനതല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും തിരഞ്ഞെടുക്കുന്ന ടീമുകൾക്ക് കായിക പരിശീലക യോഗ്യതയുള്ള പരിശീലകരെ നിയോഗിച്ച് ഒരു മാസത്തെ പരിശീലനം നൽകുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ്, യൂണിഫോം, ക്യാഷ് അവാർഡ്, ട്രോഫി എന്നിവ നൽകുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ് ട്രയിനറുടെ പ്രതിഫലം എന്നിവയുമായി ഗെയിം ഒന്നിന് 30000/-രൂപ വീതം ചെലവഴിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചുള്ള രീതിയിലുള്ള പ്രവർത്തനങ്ങളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയതായി കാണുന്നില്ല. കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകളുടെ സഹകരണത്തോടെ തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തെ സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ടുള്ള പദ്ധതി കേവലം കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിൽ മാത്രം ഒതുക്കി അവസാനിപ്പിക്കുകയാണുണ്ടായത്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/22.07.19) മറുപടിയായി ഗ്രാമ പഞ്ചായത്തിലെ യുവജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സ്റ്റേഡിയത്തിൽ വച്ച് സെലക്ഷൻ ക്യാമ്പ് നടത്തി ടീമുകൾ രൂപീകരിച്ചിട്ടുള്ളതായും എല്ലാ ദിവസവും വൈകുന്നേരവും അവധി ദിവസങ്ങളിലും പരിശീലനം നൽകി വരുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകളോ, തെളിവുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രദേശത്തെ എല്ലാ യൂത്ത് ക്ലബുകളുടെയും പൂർണ്ണമായും തദ്ദേശഭരണ സ്ഥാപന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും കായിക വികസനത്തിനും അനുയോജ്യമായ തരത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കായിക വികസന പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്.

## 3-22 സ്കൂളുകളിലെ കേടായ ഐ.റ്റി. ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കി സംരക്ഷിക്കുന്നതിന് നടപടിയില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിലെ ഐ.റ്റി. ഉപകരണങ്ങളിൽ നല്ലൊരു ശതമാനം പ്രവർത്തന ക്ഷമമല്ല. ഇവ യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ എച്ച്.എം. ലഭ്യമാക്കിയ വിവരം അനുസരിച്ച് വിവിധ സ്കൂളുകളിലായി 6 കമ്പ്യൂട്ടറുകളും, 4 പ്രിന്ററുകളും ഉപയോഗശൂന്യമായി കിടക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | പ്രവർത്തന ക്ഷമമല്ലാത്ത ഉപകരണങ്ങൾ | |
|---|---|---|---|
| | | കമ്പ്യൂട്ടർ | പ്രിന്റർ |

| | | | |
|---|---|---|---|
| 1 | ഗവ.എൽ.പി.എസ്., കൂടൽ | 2 | 2 |
| 2 | ഗവ.എൽ.പി.എസ്., കലഞ്ഞൂർ | 2 | 2 |
| 3. | എസ്.എൻ. യു.പി.എസ്., കൂടൽ | 1 | – |
| 4. | ഗവ.എസ്.കെ.വി.എൽ.പി.എസ്., പാടം | 1 | – |

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിന് കൈമാറികിട്ടിയ സ്കൂളുകളുടെ ആസ്തികൾ സംരക്ഷിക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തിനുണ്ട്. ഈ ആവശ്യത്തിനായാണ് സർക്കാർ ജനറൽ പർപ്പസ് ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റും അനുവദിക്കുന്നത്. സ്കൂളുകളിലെ ഐ.റ്റി. ഉപകരണങ്ങൾക്ക് വാർഷിക മെയിന്റനൻസ് കരാർ ഏർപ്പെടുത്തി ഇവ പ്രവർത്തനക്ഷമമാക്കി സംരക്ഷിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-23 പാൽ ഉല്പാദനത്തിന് ഇൻസെന്റീവ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തം

| | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| | | |

| പ്രോജക്ട് നം. | | | |
|---|---|---|---|
| S0051/19 | വികസന ഫണ്ട് | 200000 | 700000/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 200000 | |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 300000 | |
| | ആകെ | 700000 | |

ക്ഷീര സഹകരണ സംഘങ്ങളിൽ പാലു നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 4/- രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയിൽ ആകെ 7 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5-ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ പാലു നൽകിയ കർഷകർക്ക് അളന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് അനുവദിക്കുന്നതിന് ടി തുക തീരെ അപര്യാപ്തമായിരുന്നു. 6-മാസക്കാലയളവിലേക്ക് ഇൻസെന്റീവ് അനുവദിക്കാൻ പോലും ടി തുക തികഞ്ഞില്ല. മുറിഞ്ഞകൽ, നെടുമൺകാവ് ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ പാലു നൽകിയ കർഷകർക്ക് 2018 സെപ്റ്റംബർ മാസം വരെ അളന്ന പാലിനും മറ്റ് ക്ഷീര സഹകരണ സംഘങ്ങളായ മാങ്കോട്, പൂതങ്കര, നിരത്തുപാറ എന്നിവിടങ്ങളിൽ പാലു നൽകിയ കർഷകർക്ക് 2018 ആഗസ്റ്റ് മാസം വരെ അളന്ന പാലിനുമാണ് ഇൻസെന്റീവ് അനുവദിച്ചിട്ടുള്ളത്. 2018-19-ൽ അംഗീകാരം ലഭിച്ച പല പദ്ധതികളും നിർവ്വഹണം നടത്താത്തതുമൂലം ഫണ്ട് ലാപ്സായ സാഹചര്യമുള്ളപ്പോഴാണ് മതിയായ ഫണ്ട് ഇല്ലാത്തതുമൂലം ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം അനുവദിക്കുവാൻ സാധിക്കാതെപോയതെന്നത് ഗൗരവകരമായി ഓഡിറ്റ് വിലയിരുത്തുന്നു.

ക്ഷീര മേഖലയിലെ കർഷകർ വളരെയധികം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ക്ഷീര കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി മൂലം സാധിക്കുന്നതാണ്. വരും വർഷങ്ങളിൽ എല്ലാ ക്ഷീര കർഷകർക്കും പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായി ലഭിക്കത്തക്ക രീതിയിൽ തുക വകയിരുത്തുന്നത് ഉചിതമായിരിക്കും.

# 3-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയിൽ ഒന്നാം ഗഡു വാങ്ങിയവർ നിർമ്മാണം പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം/പേര് | 392/18-19, പഠനമുറി (S.C) |
| ഫണ്ടിനം | വികസന ഫണ്ട് (SCP) – 1862000, തനതു ഫണ്ട്-38000<br>ആകെ - 19,00,000 |
| ചെലവ് | വികസന ഫണ്ട് (SCP) – 16,50,000, തനതു ഫണ്ട്-0<br>ആകെ -16,50,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതമായിരുന്നു വകയിരുത്തിയിരുന്നത്. ആദ്യ ഗഡുവായി 50000 രൂപ അഡ്വാൻസ് ആയി നൽകിയതിനു ശേഷം നിർമ്മാണം പൂർത്തീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യേഷനു ശേഷം അവശേഷിക്കുന്ന 50000 രൂപ നൽകുന്നതിനായിരുന്നു കരാർ. ഇപ്രകാരം കരാറിൽ ഏർപ്പെട്ട് അഡ്വാൻസ് തുക 50000 രൂപ വാങ്ങിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ രക്ഷിതാക്കൾ പഠനമുറി നിർമ്മിച്ച ശേഷം രണ്ടാം ഗഡു വാങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രക്ഷിതാവിന്റെ പേര്,വിലാസം,വിദ്യാർത്ഥിയുടെ പേര് | അഡ്വാൻസ് തുക | ബിൽ നമ്പർ/ തീയതി. |
|---|---|---|---|
| 1 | അമ്പിളി K, പാറക്കൂട്ടത്തിൽ, കൂടൽ<br>അഖിൽ രാജൻ ആർ. | 50000 | 433/21.02.2019 |
| 2 | ബിജു A, ചരുവിളയിൽ, മുറിഞ്ഞകൽ പി.ഒ.<br>ദേവു ബിജു. | 50000 | 458/23.02.2019 |
| 3 | ബിജു B, ബിജു ഭവനം, കലഞ്ഞൂർ പി.ഒ<br>അഭിരാം | 50000 | 458/23.02.2019 |
| | **ആകെ** | **1,50,000** | |

മേൽ ആനുകൂല്യം കൈപ്പറ്റിയവർ ഒന്നാം ഗഡു വാങ്ങിയതിനു ശേഷം നിർമ്മാണം പൂർത്തീകരിക്കാത്തതിനു കാരണം വിശദീകരിക്കണമെന്നും പദ്ധതിയ്ക്ക് സ്പിൽ ഓവറായി തുക വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/16.07.2019) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിരുന്നു. 2019-20 വർഷം സ്പിൽ ഓവറായി തുക വകയിരുത്തിയിട്ടുണ്ടെന്നും നിർമ്മാണം പൂർത്തീകരിച്ച് വാല്യേഷൻ ലഭിക്കുന്ന മുറയ്ക്ക് തുക കൈമാറുമെന്നും അറിയിച്ചിട്ടുണ്ട്. പഠനമുറി ടി ഗുണഭോക്താക്കൾ നിർമ്മിക്കാത്ത പക്ഷം അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കേണ്ടതും ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവു തുക 1,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ച് തുക കൈമാറിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-25 റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ട് ഭാഗീകമായി നടപ്പിലാക്കി ഫണ്ട് ലാപ്സാക്കി

നിർവഹണം -- അസി.സെക്രട്ടറി

2017-18 വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 53 പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 220000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. പദ്ധതിയുടെ ഭാഗമായി 4 അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ വീതം 40000 രൂപ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 315 അയൽക്കൂട്ടങ്ങൾ നിലവിലുണ്ട്. 22 അയൽക്കൂട്ടങ്ങൾക്ക് സഹായം നൽകുന്നതിനുള്ള തുക ലഭ്യമായിരുന്നെങ്കിലും ആയത് വിതരണം ചെയ്യാതെ പദ്ധതിയ്ക്ക് വകയിരുത്തിയ സിംഹഭാഗം ഫണ്ടും ലാപ്സാക്കുകയാണ് ഉണ്ടായത്. വനിതകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് സഹായകമായിരുന്ന പദ്ധതി വിഭാവനം ചെയ്ത പ്രകാരം നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ ലിങ്കേജ് ലോണുകളുള്ള കുടുംബശ്രീകൾക്ക് മാത്രം നൽകാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നതെന്നും, എന്നാൽ സമ്പാദ്യം കുറവുള്ളതിനാൽ ലിങ്കേജ് ലോണുകൾ കുടുംബശ്രീകൾക്ക് ലഭ്യമാകാത്തതിനാലാണ് ആനുകൂല്യം വിതരണം ചെയ്യുന്നതിന് സാധിക്കാതിരുന്നതെന്നും വിശദീകരിച്ചു. ആനുകൂല്യത്തിന് അർഹമായ ഗ്രൂപ്പുകളെ കണ്ടെത്താതെ പ്രോജക്ട് ആവിഷ്കരിച്ച് തുക വകയിരുത്തിയത് പദ്ധതി ആസൂത്രണത്തിലെ പിഴവാണ്. നിർവ്വഹണ യോഗ്യമല്ലാത്ത (feasibility) പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് പാഴാക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-26 വാർഷിക പദ്ധതിയിൽ വനിതാ ഘടക പദ്ധതിയ്ക്ക് നിശ്ചിത ശതമാനം തുക വകയിരുത്തിയില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ നിശ്ചിത ശതമാനം തുക വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തിയിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ട്, എസ്.സി.പി., ടി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തണം. ആയത് പ്രകാരം 5031300 രൂപ വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട സ്ഥാനത്ത് 3355000 രൂപ മാത്രമാണ് വകയിരുത്തിയത്.

| ഫണ്ടിനം | ലഭ്യമായ ഫണ്ട് |
|---|---|
| പൊതു വിഭാഗം വികസന ഫണ്ട് | 37003000 |
| എസ്.സി.പി. ഫണ്ട് | 13112000 |
| ടി.എസ്.പി. | 198000 |
| ആകെ വികസന ഫണ്ട് | 50313000 |
| വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടിയിരുന്ന തുക (10%) | 5031300 |
| വകയിരുത്തിയത് | 3355000 |
| കുറവ് | 1676300 |

സ്ത്രീകളുടെ തൊഴിലും, വരുമാനവും, സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി സർക്കാർ നിഷ്കർഷിച്ച പ്രകാരം തുക വകയിരുത്താതിരുന്നത്

ഗൗരവതരമായ വീഴ്ചയാണ്. മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-27 മുട്ടക്കോഴി വിതരണം - മോണിട്ടറിംഗ് ഇല്ല

ഓഡിറ്റ് വർഷം മുട്ടക്കോഴിയും കൂടും വിതരണം വെറ്ററനറി സർജന്റെ നിർവ്വഹണ ചുമതലയിൽ പൊതു വിഭാഗം വികസന ഫണ്ടും, പട്ടിക ജാതി വികസന ഫണ്ടും വകയിരുത്തി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേരും, വിഭാഗവും | വകയിരുത്തിയ വികസന ഫണ്ട് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | 113 | മുട്ടക്കോഴിയും കൂടും വിതരണം (ജനറൽ) | 780000 | 232000 | 29.74 |
| 2 | 115 | ഭിന്നശേഷിക്കാർക്കുള്ള മുട്ടക്കോഴിയും കൂടും വിതരണം (ജനറൽ) | 270000 | 500 | 0.19 |
| 3 | 116 | മുട്ടക്കോഴിയും കൂടും വിതരണം (പട്ടിക ജാതി) | 290000 | 153000 | 52.76 |
| | | ആകെ | 1340000 | 385500 | 28.77 |

ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം കോഴികളെ വിതരണം ചെയ്യുന്നതിനു മാത്രമായി പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥയില്ല. മാർഗ്ഗരേഖ പ്രകാരം ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് വാങ്ങി നൽകണം. കൂടിന്റെ വില ഉൾപ്പടെ യൂണിറ്റ് കോസ്റ്റും പക്ഷികളുടെ എണ്ണവും ജില്ലാ തലത്തിൽ നിശ്ചയിക്കണം. ഇപ്രകാരം ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ 45-60 ദിവസം പ്രായമായ കോഴി കുഞ്ഞുങ്ങളെ മാത്രം വിരതരണം ചെയ്യുന്നതിന് മാത്രമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കോഴി വളർത്തലിന് കൂട് അനിവാര്യമായിരിക്കെ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി കോഴികളെ വിതരണം ചെയ്യുന്നതിനു മാത്രമായി പദ്ധതി നടപ്പിലാക്കിയത് ക്രമപ്രകാരമല്ല.

പ്രോജക്ട് നമ്പർ 113, 116 എന്നിവ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം സ്ത്രീകളുടെ തൊഴിലും, വരുമാനവും, സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിന് ആകെ വികസന ഫണ്ടിന്റെ 10 ശതമാനം തുക വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തണം. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം

മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

പ്രോജക്റ്റ് നം.115 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 270000 രൂപ വകയിരുത്തി ഭിന്നശേഷിക്കാർക്കുള്ള വികസന ഫണ്ട് വിഹിതം വകയിരുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഭിന്നശേഷിക്കാർക്കുവേണ്ടി ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് അനുസൃതമായ പദ്ധതിയല്ല ഇത്. പദ്ധതിയുടെ ആനുകൂല്യം പ്രായപൂർത്തിയാകാത്ത (12 വയസ്സ്) ഒരു ഗുണഭോക്താവിന് മാത്രമാണ് നൽകിയിരിക്കുന്നത്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി വിനിയോഗിക്കേണ്ട പദ്ധതി പണം നിർവ്വഹണ യോഗ്യമല്ലാത്ത പദ്ധതിയ്ക്ക് വകയിരുത്തുക വഴി ഫണ്ട് ചെലവഴിക്കാനാവാതെ ലാപ്സായി (ചെലവ് 0.19%).

ടി പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ 29% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മതിയായ ഗുണഭോക്താക്കളെ കണ്ടെത്താതെ വൻതുക ഈ പദ്ധതികൾക്ക് വകയിരുത്തി. 2012-13 വർഷം മുതൽ തുടർച്ചയായി വെറ്ററിനറി സർജ്ജൻ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മുട്ടക്കോഴി വളർത്തൽ. 2012-13 മുതൽ 2018-19 വരെ ഈ പദ്ധതിയ്ക്കായി പഞ്ചായത്ത് വകയിരുത്തിയതും ചെലവഴിച്ചതുമായ പദ്ധതി പണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | അടങ്കൽ | ചെലവ് | ഫണ്ട് |
|---|---|---|---|
| 2012-13 | 1683400 | 713400 | ജനറൽ |
| | 688000 | 246240 | എസ്.സി.പി |
| 2013-14 | 1001400 | 1001400 | ജനറൽ |
| | 144000 | 144000 | എസ്.സി.പി |
| 2014-15 | 1001400 | 971160 | ജനറൽ |
| | 216000 | 174960 | എസ്.സി.പി |
| 2015-16 | 576000 | 566640 | ജനറൽ |
| | 576000 | 174240 | എസ്.സി.പി |
| 2016-17 | 480000 | 460800 | ജനറൽ |
| | 711200 | 164000 | എസ്.സി.പി |
| 2017-18 | 1860000 | 1589000 | ജനറൽ |
| | 466500 | 453000 | എസ്.സി.പി |
| 2018-19 | 1560000 | 577500 | ജനറൽ |
| | 386500 | 204000 | എസ്.സി.പി |
| ആകെ | 11350400 | 7440340 | |

തുടർച്ചയായ വർഷങ്ങളിൽ ഒരേ പദ്ധതി ആവിഷ്കരിച്ച് വൻ തുക ചെലവഴിക്കുമ്പോൾ പദ്ധതിയുടെ നേട്ടകോട്ട വിശകലനം നടത്തേണ്ടത് അനിവാര്യമാണ്. മുട്ട ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ടോയെന്ന് സ്ഥാപന തലത്തിൽ യാതൊരു വിലയിരുത്തലും നടന്നിട്ടില്ല. കൃത്യമായ മോണിട്ടറിംഗ് ഇല്ലാതെ വർഷാവർഷം വൻതുക ഈ

പദ്ധതിയ്ക്കായി വകയിരുത്തുന്നത് ഉചിതമല്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-28 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ - മുൻകൂറായി തുക അനുവദിച്ചില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി സാമ്പത്തിക വർഷാരംഭത്തിൽ മുൻകൂറായി തുക അനുവദിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നില്ല. നിലവിൽ സ്ഥാപനമേധാവികൾ സ്വന്തം നിലയിൽ ചെലവ് നടത്തുകയും പഞ്ചായത്തിൽനിന്നും തുക റീംബേഴ്സ് ചെയ്ത് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. സാമ്പത്തിക വർഷാരംഭത്തിൽതന്നെ തദ്ദേഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറികിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകകളുടെ (കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്ജ് തുടങ്ങിയവ) പട്ടിക തയ്യാറാക്കി തദ്ദേശസ്ഥാപന സെക്രട്ടറിയ്ക്ക് നൽകേണ്ടതും, ആവശ്യം പരിഗണിച്ച് ഒരു നടപടി ക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കേണ്ടതുമാണ്. ഇതിനാവശ്യമായ തുക തദ്ദേശസ്ഥാപനത്തിന്റെ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ്/നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽനിന്നും കണ്ടെത്തേണ്ടതാണ്. അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശ സ്ഥാപന സെക്രട്ടറിയ്ക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ സ്ഥാപന മേധാവികൾതന്നെ സൂക്ഷിക്കേണ്ടതും, ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-29 അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളേയും നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും, തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി 12.12.17-ലെ സ.ഉ.(എം.എസ്.)നം.252/17/തസ്വഭവ നമ്പർ പ്രകാരം മാർഗ്ഗരേഖ പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കലഞ്ഞൂർ ഗ്രമപഞ്ചായത്തിൽ 169 അഗതി കുടുംബങ്ങളേ കണ്ടെത്തുകയും പ്ലാൻ ഫണ്ടിനത്തിൽ 5780000 രൂപയും ചലഞ്ച് ഫണ്ട് ഇനത്തിൽ 3572100 രൂപയും ഉൾപ്പെടുത്തി 9352100 രൂപയുടെ പ്രോജക്ട് തയ്യാറാക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.03.2019-ലെ കെ.എസ്./എൽ./13100/2018 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും ചെയ്തു. പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ച് 4 മാസം പിന്നിട്ടിട്ടും പദ്ധതിയുടെ ആനുകൂല്യം അഗതി കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. നിലവിലുള്ള പദ്ധതി പ്രവർത്തനങ്ങൾ 2019 ഫെബ്രുവരി മാസം തന്നെ അവസാനിപ്പിച്ചിരുന്നു. നിലവിൽ അഗതി കേരളം പദ്ധതി അക്കൗണ്ടിൽ 44222288 രൂപ അവശേഷിക്കുന്നുണ്ട്. അംഗീകരിച്ച പ്രോജക്ടും, മതിയായ ഫണ്ടും ലഭ്യമായിരുന്നിട്ടും സമൂഹത്തിലെ അശരണരും

നിരാലംബരുമായ അഗതി കുടുംബങ്ങൾക്കുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നത് വലിയ വീഴ്ചയാണ്.

അഗതി രഹിത കേരള പദ്ധതി നിലവിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന ആശ്രയ പദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. 2005-2019 കാലയളവിൽ പദ്ധതിയുടെ നടത്തിപ്പിനായി 68.69 ലക്ഷം രൂപ ലഭ്യമായിരുന്നെങ്കിലും പദ്ധതി പൂർണ്ണമായ പ്രയോജനം അഗതി കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ലഭ്യമായ ഫണ്ടിന്റെ 36.52% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് - ₹2508639).

അഗതി കേരളം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള പ്രകാരം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-30 മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽനിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ്., സാക്ഷരത എന്നീ പദ്ധതികളുടെ ഭരണപരമായ ചെലവുകൾക്കായി മുൻകൂറായി നൽകിയ തുകയിൽ 878795 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| മുൻകൂർ നൽകിയ കാലയളവ് | പദ്ധതി | തുക |
|---|---|---|
| 01.10.18 – 31.03.19 | എം.ജി.എൻ.ആർ.ഇ.ജി.എസ്. | 734834 |
| 2017-18 | സാക്ഷരത | 143961 |
| ആകെ | | 878795 |

2017-18 സാമ്പത്തിക വർഷം മുതൽ സാക്ഷരതാ പ്രേരക് മാർക്ക് ജില്ലാ മിഷൻ നേരിട്ടാണ് ഓണറേറിയം നൽകുന്നത്. 2017-18 വരെ ഓണറേറിയം നൽകുന്നതിന് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ച തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാ മിഷന് നൽകുന്നതിനും, പഞ്ചായത്തിന് അർഹമായ തുക തിരികെ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ടി മുൻകൂറുകൾ ക്രമീകരിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-31 IKM സബ്സ്ക്രിപ്ഷൻ - മാനദണ്ഡം പാലിക്കാതെ തുക ഒടുക്കി

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നം. 01/09 പ്രകാരം IKM സബ്സ്ക്രിപ്ഷൻ ഒടുക്കുന്നതിന് 130783 അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽനിന്നും അത്രയും തുക IKM-ന് ഒടുക്കുവരുത്തിയിട്ടുണ്ട്. യാതൊരു മാനദണ്ഡവുമില്ലാതെയാണ് പദ്ധതിയ്ക്ക് തുക വകയിരുത്തി ചെലവ് ചെയ്തത്. 08.03.16-ലെ സ.ഉ.(സാധാ)നം.1228/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവയ്ക്കു

ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% തുകയാണ് ഐ.കെ.എം.-ന്റെ പ്രവർത്തനത്തിനു വേണ്ടി മാറ്റിവയ്ക്കേണ്ടത്. എന്നാൽ ഈ നിരക്കിലല്ല തുക പദ്ധതിയ്ക്ക് തുക വകയിരുത്തിയത്. ഇക്കാരണത്താൽ 5000 രൂപ അധികമാണ് ഐ.കെ.എം.-ന് ഒടുക്കിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. അധികം ഒടുക്കിയ തുക ഭാവി സബ്സ്ക്രിപ്ഷനിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-32 ഗാർഹിക ബയോഗ്യാസ് പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 340000 രൂപയും, ഗുണഭോക്തൃവിഹിതം 340000 രൂപയും ഉൾപ്പെടെ ആകെ 680000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് നം.55/18-19 പ്രകാരം ഗാർഹിക ബയോഗ്യാസ് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം (സ.ഉ 2303/2015/തസ്വഭവ തീയതി 27/07/15) ഇന്റഗ്രേറ്റഡ് റൂറൽ സെന്റർ (IRTC) പാലക്കാടിന് അക്രഡിറ്റേഷൻ ഉള്ളതിനാൽ പ്രസ്തുത സ്ഥാപനവുമായി നിയമാനുസൃത കരാറിലേർപ്പെട്ട് പദ്ധതി നിർവ്വഹണം നടത്തുന്നതിന് 28.07.2018-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി വി.ഇ.ഒ-യെ ഐകകണ്ഠേന ചുമതലപ്പെടുത്തി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനവുമായി വി.ഇ.ഒ. കരാറിലേർപ്പെട്ടിരുന്നു. എന്നാൽ ഗുണഭോക്തൃവിഹിതമായ 4250 രൂപ അടയ്ക്കുവാൻ ഗുണഭോക്താക്കൾ തയ്യാറാവാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് വി.ഇ.ഒ. അറിയിച്ചു.

ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽനിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണ പദ്ധതികൾക്ക് വകയിരുത്തണമെന്ന നിബന്ധന പാലിക്കുന്നതിനുവേണ്ടി മാത്രം പദ്ധതി ആവിഷ്കരിക്കുകയും വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ മാലിന്യ സംസ്കരണത്തിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കാതെ വകയിരുത്തിയ ഫണ്ട് ലാപ്സാക്കുകയും ചെയ്യുന്ന പ്രവണതയാണ് കാണാൻ കഴിഞ്ഞത്. 2016-17 മുതൽ തുടർച്ചയായി ഈ പദ്ധതിയ്ക്ക് തുക വകയിരുത്തുന്നുണ്ടെങ്കിലും ഒരു രൂപ പോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല (പ്രോജക്ട് നം.41/17 - ₹863890, 59/18 -₹ 850000). ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള ഗുരുതര വീഴ്ച അനന്തര നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-33 വിവിധ പദ്ധതികൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചില്ല

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി പഞ്ചായത്തിന് അനുവദിച്ച ചുവടെ ചേർക്കുന്ന ഫണ്ടുകൾ നാളിതുവരെ ചെലവഴിക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

| ലഭിച്ച തീയതി | ഫണ്ടിനം | തുക |
|---|---|---|
| 04.06.2013 | ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ലഭിച്ച ശുചിത്വ മിഷൻ ഫണ്ട് | 123670 |
| 28.03.2018 | ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണിയ്ക്കായുള്ള ഗ്രാന്റ് | 330000 |
| 20.02.2019 | ശുചിത്വമിഷൻ ഗ്രാന്റ് | 1192856 |

| | | |
|---|---|---|
| 20.02.2019 | വിമുക്തി ഗ്രാന്റ് | 38500 |

പ്രത്യേക ഉദ്ദേശ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുകകൾ ദീർഘകാലമായി ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ടി ഗ്രാന്റ് തുകകൾ എന്ത് ആവശ്യത്തിനാണോ അനുവദിച്ചിട്ടുള്ളത് അതേ ആവശ്യത്തിന് ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1240423 | ഭവന നിർമ്മാണം ലൈഫ് പദ്ധതി (എസ്.സി.) - 30/19 | 580800 | 659623 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 891150 | ഭവന നിർമ്മാണം ലൈഫ് പദ്ധതി - 31/19 | 891150 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - 51/9 | 200000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 87789 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം - 10/19 | 87789 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ഇരുതോട് കാവിൽപ്പടി റോഡ് സൈഡ് വാൾ - 309/19 | 300000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 90000 | മുള്ളൻചാൽ കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ് - 355/19 | 90000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 196000 | ഉടയനടിപ്പാറ വഞ്ചിപ്പടി മണ്ണിൽ റോഡ് പുനരുദ്ധാരണം - 301/19 | 196000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 1019200 | ഭവന നിർമ്മാണം ലൈഫ് പദ്ധതി (എസ്.സി.) - 30/19 | 299200 | 720000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 2639089 | ഭവന നിർമ്മാണം ലൈഫ് പദ്ധതി - 31/19 | 2608850 | 30239 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | പാലിയേറ്റീവ് പരിചരണം - 17/19 | 404316 | 95684 |
| പത്തനംതിട്ട ജില്ലാ | 2018-19 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - 51/19 | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം - 10/19 | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അങ്കണവാടി പോഷകാഹാരം - 6/19 | 200000 | 0 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (15/19) | 221096 | 0 | 221096 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (16/19) | 999017 | 0 | 999017 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (257/19) | 393437 | 0 | 393437 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4952392 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | ലഭ്യമല്ല | 4952392 | 0 | 0 | 0 | 4952392 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7087 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 7087 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7087 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ലി. | 11.01.2008 | 10 വർഷം | 3270 | കാലാവധി എത്തിയ സ്ഥിര നിക്ഷേപം പുതുക്കി നിക്ഷേപിച്ചിട്ടില്ല |
| 2 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ലി. | 11.07.2002 | 9 വർഷം | 3817 | കാലാവധി എത്തിയ സ്ഥിര നിക്ഷേപം പുതുക്കി നിക്ഷേപിച്ചിട്ടില്ല |
| | ആകെ | | | 7087 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2016-17 | 2018 | 2-1 | തൊഴിൽ നികുതി സംബന്ധിച്ച് | ഉപാസന ആശുപത്രി, മാടക്കൽ ഹോളോബ്രിക്സ്, പിരമിഡ് ഗ്രാനൈറ്റ്സ് എന്നീ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ട്. മറീന കൃഷ്ണ, യൂണിയൻ ബാങ്ക് എന്നീ സ്ഥാപനങ്ങളോട് നികുതി ഒടുക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി. |
| | | 2-2 | വസ്തു നികുതി സംബന്ധിച്ച് | ഖണ്ഡികയിൽ പരാമർശിക്കുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകിയിട്ടില്ല. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ നമ്പർ മാത്രമാണ് നൽകിയിട്ടുള്ളത്. നിലവിൽ 2016-17, 2017-18 വരെ നികുതി ഒടുക്കിയിട്ടുണ്ട്. മൂന്നിരട്ടി ഫീസ് ഈടാക്കിയിട്ടില്ല. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 132279027 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 106187011 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 81101 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 952199 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 39867 | ശ്രീ രാജീവ് ആർ., അസി.എഞ്ചിനീയർ |
| 3-4 | | 32234 | ശ്രീ രാജീവ് ആർ., അസി.എഞ്ചിനീയർ |
| 3-14 | | 9000 | ശ്രീ സജീഷ് റ്റി.എസ്., സെക്രട്ടറി |
| | ആകെ | 81101 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 48600 | ശ്രീ സജീഷ് റ്റി.എസ്., സെക്രട്ടറി |
| 3-10 | 100000 | ശ്രീ സജീഷ് റ്റി.എസ്., സെക്രട്ടറി |
| 3-11 | 89999 | ശ്രീ സജീഷ് റ്റി.എസ്., സെക്രട്ടറി |
| 3-18 | 563600 | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-24 | 150000 | ശ്രീമതി അജിത കെ, അസി. സെക്രട്ടറി |
| ആകെ | 952199 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നം. 3-9, 3-10

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാജീവ് ആർ., അസി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ, കലഞ്ഞൂർ | രാധാ മന്ദിരം, പ്ലാച്ചേരി, പുനലൂർ പിൻ - 691 331 |
| ശ്രീ സജീഷ് റ്റി.എസ്., സെക്രട്ടറി | സെക്രട്ടറി, കലഞ്ഞൂർ | തോപ്പിൽ തേജസ്, മേലൂട് പി.ഒ., അടൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 3/851/2000 തീയതി 05-11-2001 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി2/173/2003 തീയതി 31-05-2003 | |
| 2001-02 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ-പി2/442/2004 തീയതി 06-10-2004 | 7 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി.2/537/2005 തീയതി 15-10-2005 | 3 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി.10/1139/2007 തീയതി 31-01-2009 | 4 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി10/1141/2007 | 1 |

| | | |
|---|---|---|
| | തീയതി 28-02-2009 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4/1138/2007 തീയതി 29-09-2008 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി10/72/2010. തീയതി 04-05-2010 | 9 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി9/836/2011. തീയതി.06.12.2011 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.9/873/2011 തീയതി 30-12-2011 | 11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി10/1108/2012 തീയതി 06-04-2013 | 6 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി.10/667/2014 തീയതി 11-12-2014 | 5 |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-10-719/2015 തീയതി 06.08.2015 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-10-1384/2016 തീയതി 04.01.2016 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-10-825/2017 തീയതി 28.07.2017 | 24 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി10/1143/2018, തീയതി 10.08.2018 | 60 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി10/624/2019 തീയതി.24.07.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-14-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

KSA.PTA.P10-624/2019 Date:24.07.2019

## CERTIFICATE

Certified that I have examined the Annual Financial Statement of **Kalanjoor Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kalanjoor Grama Panchayat** for the year 2018-19 except the obeservations in para 1-14 of my report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Pathanamthitta